സകലത്തിനും ഒരു സമയം ഉണ്ട്



ആശിഷ് റായ്ച്ചൂർ

സൗജന്യ വിതരണത്തിന് മാത്രം
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2025

ബന്ധപ്പെടുവാനുള്ള വിവരങ്ങൾ
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ:+91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

സാമ്പത്തിക പങ്കാളിത്തം
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗുണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും
പ്രഭാഷണങ്ങൾ: apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
ചർച്ച് ആപ്പ്: apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
ഇ-ലേണിംഗ്: apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
സംഗീതം: apcmusic.org | **ശുശ്രൂഷകരുടെ കുട്ടായ്മ:** pamfi.org |
എപിസി വേൾഡ് മിഷനുകൾ: apcworldmissions.org

(Malayalam—A Time for Every Purpose)

സകലത്തിനും ഒരു സമയം ഉണ്ട്

ഉള്ളടക്കം

1. സമയം ദൈവത്തിന്റെ കാഴ്ചയിൽ 1

2. സമയം തിരിച്ചറിയുക തക്കത്തിൽ ഉപയോഗിക്കുക 7

3. കാലങ്ങളെയും സമയങ്ങളെയും അറിയുക 15

4. വിവേകത്തോടെ ജീവിതം ക്രമീകരിക്കുക 26

5. സമയത്തിന്റെ പുനഃസ്ഥാപനം 32

1

സമയം ദൈവത്തിന്റെ കാഴ്ചയിൽ

സഭാപ്രസംഗി 3:1-8

[1]എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശത്തിൻകീഴുള്ള സകല
കാര്യത്തിനും ഒരു കാലം ഉണ്ട്.
[2]ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം; നടുവാൻ ഒരു കാലം, നട്ടതു പറിപ്പാൻ
ഒരു കാലം; കൊല്ലുവാൻ ഒരു കാലം, സൗഖ്യമാക്കുവാൻ ഒരു കാലം;
[3]ഇടിച്ചു കളവാൻ ഒരു കാലം, പണിവാൻ ഒരു കാലം;
[4]കരവാൻ ഒരു കാലം, ചിരിപ്പാൻ ഒരു കാലം; വിലപിപ്പാൻ ഒരു കാലം, നൃത്തം
ചെയ്‌വാൻ ഒരു കാലം;
[5]കല്ലു പെറുക്കിക്കളവാൻ ഒരു കാലം, കല്ലു പെറുക്കിക്കൂട്ടുവാൻ ഒരു കാലം; ആലിംഗനം
ചെയ്‌വാൻ ഒരു കാലം, ആലിംഗനം ചെയ്യാതിരിപ്പാൻ ഒരു കാലം;
[6]സമ്പാദിപ്പാൻ ഒരു കാലം, നഷ്ടമാവാൻ ഒരു കാലം; സൂക്ഷിച്ചുവയ്പാൻ ഒരു കാലം,
എറിഞ്ഞുകളവാൻ ഒരു കാലം;
[7]കീറുവാൻ ഒരു കാലം, തുന്നുവാൻ ഒരു കാലം; മിണ്ടാതിരിപ്പാൻ ഒരു കാലം,
സംസാരിപ്പാൻ ഒരു കാലം;
[8]സ്നേഹിപ്പാൻ ഒരു കാലം, ദ്വേഷിപ്പാൻ ഒരു കാലം; യുദ്ധത്തിന് ഒരു കാലവും
സമാധാനത്തിന് ഒരു കാലവും ഉണ്ട്.

സഭാപ്രസംഗി 3:11
അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ
ഹൃദയത്തിൽ വച്ചിരിക്കുന്നു; എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ
ഗ്രഹിപ്പാൻ അവർക്കു കഴിവില്ല.

ദാനിയേൽ 2:21
അവൻ കാലങ്ങളെയും സമയങ്ങളെയും മാറ്റുന്നു; അവൻ രാജാക്കന്മാരെ നീക്കുകയും
രാജാക്കന്മാരെ വാഴിക്കുകയും ചെയ്യുന്നു; അവൻ ജ്ഞാനികൾക്കു ജ്ഞാനവും
വിവേകികൾക്കു ബുദ്ധിയും കൊടുക്കുന്നു.

"സമയം എത്രയായി?" എന്ന ചോദ്യം നമ്മുക് എല്ലാവർക്കും സുപരിചിതമാണ്. ഇന്നത്തെ വേഗതയേറിയ ലോകത്ത്, ഒരു ക്ലോക്ക് എങ്ങനെ പ്രവർത്തിക്കുമോ അതുപോലെയാണ് മനുഷ്യർ പ്രവർത്തിക്കുന്നത്. വാസ്തവത്തിൽ നമ്മിൽ ഭൂരിഭാഗം പേരുടെയും ജീവിതം ഒരു ക്ലോക്കിനെ ചുറ്റി പറ്റിയായിരിക്കും. അതിലെ സമയം നമ്മുടെ ജീവിതത്തെ അത്രമേൽ സ്വാധീനിക്കുന്നു. തക്ക സമയത്ത്

ശരിയായ കാര്യങ്ങൾ ചെയ്യുക, ശരിയായ കാര്യങ്ങൾ പറയുക, ശരിയായ സ്ഥലങ്ങളിൽ ആയിരിക്കുക എന്നതെല്ലാം നമുക്ക് വളരെ പ്രധാനപെട്ടതാണ്. അതിനോടൊപ്പം സമയം "ലാഭിക്കുന്നതിന്" വേണ്ട മാർഗങ്ങളും നാം തേടുന്നു.

ഭൂമിയുടെ സ്ഥാപനം മുതൽ, ചിലപ്പോൾ അതിനും മുൻപ് കഴിഞ്ഞകാല നിത്യത മുതൽ ഇന്ന് വരെ ചലിച്ചുകൊണ്ട് ഇരിക്കുന്ന ഒരു ക്ലോക്ക് ദൈവത്തിന്റെ കയ്യിലുണ്ടെന്ന കാര്യത്തെക്കുറിച്ച് നിങ്ങളെപ്പോളെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഓരോ വ്യക്തിയുടെയും ജീവിതത്തിനായി ദൈവത്തിന് ഒരു ക്ലോക്ക് ഉണ്ട് എന്നുള്ളത് നിങ്ങൾക്ക് അറിയാമോ? ഈ ദൈവീക ക്ലോക്കിന് അനുസരിച് ജീവിതത്തെ ക്രമീകരിക്കുവാൻ ഉള്ള വാഞ്ചയോ ശ്രമമോ എപ്പോൾ എങ്കിലും നമ്മിൽ ഉണ്ടായിട്ടുണ്ടോ? ദൈവീക സമയത്തിൽ കാര്യങ്ങൾ ചെയ്യുന്നതിനും, ജീവിതത്തിന്റെ ഏത് സമയത്തും ദൈവം നിങ്ങൾ ആ സമയത്ത് ചെയ്യണമെന്ന് ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിനും എത്രമാത്രം പ്രാധാന്യം നാം കൊടുക്കാറുണ്ട്? നിങ്ങളുടെ ജീവിതത്തിൽ അവൻ നിശ്ചയിച്ച സമയത്തു അവൻ ആഗ്രഹിക്കുന്ന വ്യക്തിയായി മാറണം എന്നുള്ളതിന് നിങ്ങൾ പ്രാധാന്യം കൊടുക്കുന്നുണ്ടോ?

മേൽ പറഞ്ഞ ചോദ്യങ്ങൾ എല്ലാം വെല്ലുവിളികളാണ്, എന്നാൽ ദൈവീക ക്ലോക്കിന് അനുസരിച് നമ്മുടെ ജീവിതം ക്രമീകരിക്കേണ്ടത് ആവശ്യമാണ്. വ്യക്തിപരമായി ദൈവീക സമയത്തെ തിരിച്ചറിയാനും മനസിലാക്കാനും ഈ പുസ്തകം നിങ്ങളെ സഹായിക്കും.

ദൈവത്തിന്റെ ക്ലോക്ക്

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 1:6,7

[6]ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോട്: കർത്താവേ, നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നത് എന്നു ചോദിച്ചു.
[7]അവൻ അവരോട്: പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല.

തന്റെ പദ്ധതിപ്രകാരം ഓരോ പ്രവർത്തിയും, അതതിന്റെ സമയത്തും അതിന്റെതായ രീതിയിലും നിർവഹിക്കുന്ന ഒരു സമയക്രമം ദൈവത്തിനുണ്ട്. തന്റെ സമയത്തിനനുസരിച്ചാണ് ദൈവം പ്രവർത്തിക്കുന്നത്. അവൻ പറയുന്ന വചനം തക്ക സമയത്തു നിവർത്തീകരിക്കുന്നു. ദൈവത്തിന്റെ വചനത്തെ പറ്റി

പറയുന്നത് *"തക്കസമയത്തു നിവൃത്തിവരുവാനുള്ള എന്റെ ഈ വാക്ക്"* (ലൂക്കോസ് 1:20) എന്നാണ്. താൻ പറഞ്ഞ മറ്റു ചില വചനങ്ങൾ *"അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടും ഇരിക്കുന്നു"* (ദാനീയേൽ 12:9). ദൈവീക "ക്ലോക്കിൽ" ഉൾപ്പെട്ട ചില പ്രത്യേകതകൾ ആണ് "കാലത്തിന്റെ സമ്പൂർണത" അല്ലെങ്കിൽ "നിശ്ചിത സമയം" എന്നുള്ളത്. മേൽ പറഞ്ഞ കാര്യങ്ങളെ നമുക്ക് ഏറ്റവും യോജിച്ച സമയം, നല്ല സമയം, അനുയോജ്യമായ സമയം, ശരിയായ സമയം എന്നെല്ലാം പറയാം. ഉദ്ധാഹരണത്തിന് ആദാമ്യ (ആദാമിനോടുള്ള) ഉടമ്പടി പ്രകാരം, ഒരു വീണ്ടെടുപ്പുകാരൻ വരും എന്നുള്ളത് ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായത്തിൽ പറയുന്നുണ്ടെങ്കിലും വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം (ആയിരത്തോളം) ആണ് ചരിത്രത്തിലേക്ക് യേശു കാൽ എടുത്ത് വക്കുന്നത്. എന്തുകൊണ്ടാണ് ഇത്ര വല്യ ഒരു താമസം വന്നത്? വേദപുസ്തകം പറയുന്നു *"എന്നാൽ കാലസമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത്"* (ഗലാത്യർ 4:4). ഏറ്റവും അനുയോജ്യമായ സമയം അഥവാ ശരിയായ സമയം യേശു ഈ ഭ്രമിയിലേക്ക് കടന്ന് വന്നു—ഇങ്ങനെ ഉള്ള നിമിഷത്തെ *'കൈറോസ്'* എന്ന് പറയപ്പെടുന്നു. ദൈവത്തിന്റെ നിത്യമായ പദ്ധതിയും ഇതുപോലെ തന്നെ പൂർത്തീകരിക്കപ്പെടും. *"അവനിൽ താൻ മുൻനിർണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമം അവൻ നമ്മോട് അറിയിച്ചു. അതു സ്വർഗത്തിലും ഭ്രമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണതയിലെ വ്യവസ്ഥയ്ക്കായിക്കൊണ്ടു തന്നേ"* (എഫെസ്യർ 1:9,10) *"താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 17:31).

അങ്ങനെ, തന്റെ മുൻനിർണയപ്രകാരം തന്റെ പരമാധികാരം വെളിപ്പെടുത്തേണ്ടതിന് സംഭവങ്ങളിൽ ഇടപെടുന്ന ഒരു സമയം ദൈവത്തിന് ഉണ്ടെന്നു നാം മനസിലാക്കുന്നു. തന്റെ സ്വർഗാരോഹണത്തിന് മുൻപ് ശിക്ഷ്യന്മാർ യേശുവിനോട് ഇങ്ങനെ ചോദിച്ചു ഏത് കാലത്ത് ആണ് യിസ്രായേൽ റോമാ സാമ്രാജ്യത്തിൽ നിന്ന് സ്വാതന്ത്ര്യവും യഥാസ്ഥാനവും പ്രാപിക്കുന്നത്

(അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 1:6,7). ഇതിനുള്ള യേശുവിന്റെ ഉത്തരം നമ്മളെ പഠിപ്പിക്കുന്നത് കാലങ്ങളും സമയങ്ങളും പിതാവിന്റെ മാത്രം അധികാരത്തിൽ ഇരിക്കുന്നു എന്നാണ്. യേശുവിന്റെ പ്രഭാഷണങ്ങൾ *'ക്രോണോസും' 'കൈറോസും'* ഉൾപ്പെട്ടതായിരുന്നു. *'ക്രോണോസ്'* എന്ന ഗ്രീക്ക് പദം അർത്ഥമാക്കുന്നത് സമയത്തിന്റെ ദൈർഘ്യം, സമയത്തിന്റെ അളവ് എന്നതിനെയാണ്. എന്നാൽ *'കൈറോസ്'* അർത്ഥമാക്കുന്നത് സമയത്തിന്റെ ഗുണനിലവാരത്തെ—ക്കുറിച്ചാണ്. *'ക്രോണോസ്'*—ദൈർഘ്യം, കാലയളവ്, അളവ് എന്ന നിലവാരത്തിൽ ആണ് സമയത്തെ മനസിലാക്കി തരുന്നത് എങ്കിൽ. *'കൈറോസ്'* ഉദ്ദേശിക്കുന്നത് പ്രത്യേക നിമിഷങ്ങൾ, നിർണായക സംഭവങ്ങൾ, മാറുന്ന കാലങ്ങൾ എന്നിവയെകുറിച്ചാണ്. ഇത് മനസിലാക്കി തരുന്നത് "കാലത്തിന്റെ സമ്പൂർണതയെ പറ്റിയാണ്"—ഏത് കാര്യമാണോ ഒരു സമയത്തു ഏറ്റവും അനുയോജ്യമായത്, അതിനെ പറ്റിയാണ്.

പിതാവായ ദൈവം രഹസ്യത്തിലും തന്റെ "ശക്തിയിലും" മാത്രം അടക്കി വച്ചിരിക്കുന്ന സമയങ്ങളും കാലങ്ങളും ഉണ്ട്. വേദപുസ്തകം നമ്മളെ പഠിപ്പിക്കുന്നത് *"മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചനടക്കേണ്ടതിന് എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു"* (ആവർത്തനപുസ്തകം 29:28). തന്റെ രണ്ടാം വരവിനെ പറ്റിയും യുഗാന്ത്യത്തെ കുറിച്ചും യേശു ഇങ്ങനെ പറഞ്ഞു, *"ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗത്തിലെ ദൂതന്മാരും, പുത്രനുംകൂടെ അറിയുന്നില്ല. ആ കാലം എപ്പോൾ എന്നു നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചുകൊൾവിൻ; ഉണർന്നും പ്രാർഥിച്ചുംകൊണ്ടിരിപ്പിൻ"* (മാർക്കോസ് 13:32,33). പക്ഷെ ദൈവം നമുക്ക് വെളിപ്പെടുത്തിത്തരാൻ ആഗ്രഹിക്കുന്ന *'ക്രോണോസും' 'കൈറോസും'* അറിയാതെ പോകും എന്ന് ഇത് കൊണ്ട് അർത്ഥം ഇല്ല. വചനത്തിൽ ഉടനീളം തന്റെ മക്കൾ വ്യക്തിപരമായും സാമൂഹികമായും തന്റെ കാലങ്ങളെയും സമയത്തെയും പറ്റി ബോധ്യമുള്ളവരായിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. തന്റെ ജനം ദൈവത്തിന്റെ ക്ലോക്കിന്റെ സമയം അറിഞ്ഞിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

വേദപുസ്തകത്തിലെ "സമയം"

സൈമൺ ജെ ദേവ്റിസ് എന്ന ഗ്രന്ഥകാരൻ സമയത്തെ പറ്റി തന്റെ വേദനപഠന വീക്ഷണത്തിൽ പ്രതിപാദിക്കുന്നത് ഇങ്ങനെ ആണ് (മെർസെർ ഡിക്ഷണറി ഓഫ് ദി ബൈബിൾ,1990), *"ജ്ഞതരുടെ സമയം എന്ന ആശയത്തിൽ ഏറ്റവും വല്യ കാര്യം, അവർ ഓരോ ദിവസത്തിന്റെയും നിലവാരം തീർത്തും വ്യത്യസ്തം ആയിരിക്കും എന്ന് പ്രതീക്ഷിക്കുന്നു, ഓരോ ദിവസത്തിലും അതുല്യമായ ഒരു കാര്യം, മുൻപ് ആവർത്തിക്കപെടാത്ത ഒരു സംഭവം ദൈവം പ്രത്യേക വഴികളിലൂടെ തന്റെ ദിവ്യ സ്വഭാവം വെളിപ്പെടുത്തേണ്ടതിനു ചെയ്യും എന്ന് അവർ വിശ്വസിക്കുന്നു അതിനാൽ, ദിവസങ്ങളെ അവയുടെ ഏറ്റവും ശ്രദ്ധേയമായ സംഭവത്തിന്റെ അടിസ്ഥാനത്തിൽ സംസാരിക്കുന്നതിനുള്ള ഒരു സവിശേഷ രീതി ബൈബിളിൽ കാണാൻ കഴിയും."* തുടർന്ന് അദ്ദേഹം പറയുന്നത് വേദപുസ്തകത്തിലെ വ്യക്തികൾ *"ദൈവത്തിന് എപ്പോൾ വേണമെങ്കിലും എവിടെ വച്ചും അവരെ സന്ദർശിക്കാൻ കഴിയും എന്ന് വിശ്വസിച്ചിരുന്നു, കാരണം ഭൂമിയും അതിന്റെ എല്ലാ ചരിത്രവും ദൈവീക ആധിപത്യത്തിൽ വരുന്നു. അതുകൊണ്ട്, ബൈബിളിന് ഒരു ഉദ്ദേശ്യബോധവും പുരോഗതിയും, ഒരു ലക്ഷ്യവും, ഒരു പ്രക്രിയയും, ഒരു ലക്ഷ്യസ്ഥാനവും ഉണ്ട്."*

"സമയം" എന്നത് വേദപുസ്തകത്തിലെ വളരെ പ്രാധാന്യമേറിയ ഒരു വിഷയം ആണ്. പലതരം സമയത്തെ പറ്റി വേദപുസ്തകം പറയുന്നു, വ്യത്യസ്തമായ *'കൈറോസ്'* നിമിഷങ്ങൾ നമുക്ക് കാണാൻ കഴിയുന്നു. സങ്കീർത്തനങ്ങളിൽ സമയത്തെ പറ്റി പറയുന്നു ദൈവത്തെ കണ്ടെത്താകുന്ന സമയം (സങ്കീർത്തനങ്ങൾ 32:6), ദുഷ്കാലങ്ങൾ (സങ്കീർത്തനങ്ങൾ 37:18,19), അനർത്ഥദിവസം (സങ്കീർത്തനങ്ങൾ 41:1), പ്രസാദകാലം (സങ്കീർത്തനങ്ങൾ 69:13; 2 കൊരിന്ത്യർ 6:2) എന്നിങ്ങനെ പറയുന്നു. പുതിയനിയമ പുസ്തകത്തിൽ രാജ്യങ്ങൾക്ക് അതിർവരമ്പ് ഇടുന്നതിന്ന് ഒപ്പം അവയുടെ ഉയർച്ചക്കും താഴ്ച്ചക്കും ഉള്ള സമയവും ദൈവം നിശ്ചയിക്കുന്നത് നമുക്ക് കാണാം. (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 17:26,27). നാം ആയിരിക്കുന്ന സമയത്തെ പറ്റി *"ഭാവി കാലം"* (1 തിമൊഥെയൊസ് 4:1) എന്നും *"അന്ത്യകാലം"* (2 തിമൊഥെയൊസ് 3:1) എന്നും പറയുന്നു. മറ്റു ചില വാചകങ്ങൾ

"കാലങ്ങളും സമയവും" (1 തെസ്സലൊനീക്യർ 5:1), *"അന്ത്യകാലം"* (1 പത്രൊസ് 1:20),*"പല കാലങ്ങളിലും," "കഴിഞ്ഞുപോയ കാലം"* (എബ്രായർ 1:1), *"തത്സമയം"* (എബ്രായർ 4:16) എന്നിങ്ങനെ പറയുന്നതും നമുക്ക് കാണാം. "സമയത്തിനെക്കുറിച്ചുള്ള" വേദപുസ്തകവീക്ഷണം നാം ഗ്രഹിക്കേണ്ടത് വിജയകരമായ ക്രിസ്തീയ ജീവിതത്തിന് അനിവാര്യമാണ്.

'കൈറോസ്' മനസ്സിലാക്കുക

'കൈറോസ്" എന്ന പദത്തെ മുൻനിശ്ചിതസമയം, അനുയോജ്യമായ സമയം, ശരിയായ സമയം എന്നെല്ലാം നമുക്ക് പറയാം. ചുരുക്കി പറഞ്ഞാൽ *'കൈറോസ്"* എന്നതിന് നമ്മുടെ കലണ്ടറിൽ കാണുന്ന വർഷങ്ങളുമായിട്ട് ബന്ധം ഇല്ല. ദൈവം വ്യക്തമായ ഒരു സമയത്തെ പറ്റി പറഞ്ഞിട്ടില്ലെങ്കിൽ *'കൈറോസ്"* എന്നത്—സാഹചര്യങ്ങൾ, പശ്ചാത്തലം, വ്യക്തികൾ, സംഭവങ്ങൾ എന്ന പലവിധമായ കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പറഞ്ഞവയെല്ലാം ദൈവം പറഞ്ഞ തക്കതായ സമയത്തിന്റെ പൂർത്തീകരണത്തിലേക്ക് നയിക്കുന്നു.

ഉദാഹരണത്തിന്—വ്യക്തിപരമായ പ്രവചനത്തിന്റെ പൂർത്തീകരണം നടക്കുന്ന നിമിഷത്തെ *'കൈറോസ്"* ആണെന്ന് പറയാം. ഒരു വ്യക്തിക്ക് താൻ ബിസിനെസ്സിൽ വിജയമായി തീരും എന്നുള്ള പ്രവചനം ലഭിച്ചു എന്നിരിക്കട്ടെ അതൊരിക്കലും ഒരു രാത്രി കൊണ്ട് സംഭവിക്കണം എന്നില്ല. ഈ പ്രവചനത്തിന്റെ നിവർത്തികരിക്കണം സംഭവിക്കുന്നത് ദൈവം ആഗ്രഹിക്കുന്ന ചില മാറ്റങ്ങൾ ഈ വ്യക്തിയിൽ ഉണ്ടായി കഴിയുമ്പോൾ ആയിരിക്കാം വചനം കേട്ട നാളുകളിൽ ഇദ്ദേഹം ഒരു യുവാവ് ആണെങ്കിൽ, ബിസ്സിനെസ്സ് തുടങ്ങുന്നതിന് മുമ്പ് പരീക്ഷകളുടെയും അധ്വാനത്തിന്റെയും ചില വർഷങ്ങളിലൂടെ കടന്നു പോകാൻ ദൈവം അനുവദിക്കാം. തന്റെ സംരംഭം തുടങ്ങിയതിന് ശേഷവും വർഷങ്ങൾ കഴിയുമ്പോൾ ആയിരിക്കാം വിജയകരമാകുന്ന ഒരു ആശയം തനിക്ക് ലഭിക്കുന്നത്. മുൻ പറഞ്ഞ പ്രവചന ശബ്ദം സത്യം ആയിരിക്കുമ്പോൾ തന്നെ, പല വിധത്തിൽ ഉള്ള കാര്യങ്ങളും സംഭവിച്ചതിന് ശേഷമാണ് പ്രവചന നിവർത്തിയുടെ *'കൈറോസ്"* നിമിഷം ജീവിതത്തിൽ വന്നത്.

2

സമയം തിരിച്ചറിയുക തക്കത്തിൽ ഉപയോഗിക്കുക

എഫെസ്യർ 5:15-17

[15]ആകയാൽ സൂക്ഷമത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.

[16]ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.

[17]ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ.

കൊലൊസ്സ്യർ 4:5

സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ.

തിരുവെഴുത്ത് നമ്മെ താക്കീത് ചെയ്യുന്ന സമയം (*കൈറോസ്*) തക്കത്തിൽ ഉപയോഗിക്കുവാൻ. *"സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ"* (എഫെസ്യർ 5:16) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജീവിതത്തിലെ ഉചിതമായ സന്ദർഭങ്ങളെ തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും വേണം എന്നതാണ്. മേൽ പറഞ്ഞ വചനം സാധ്യം ആകുന്നത് നാം ദൈവഹിതം സംബന്ധിച്ച നിശ്ചയമുള്ളവരായി ജ്ഞാനത്തോടെയും ജാഗ്രതയോടെയും മുൻപോട്ട് പോകുമ്പോൾ മാത്രം ആയിരിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഉചിതമായ നിമിഷത്തെ പ്രയോജനപ്പെടുത്താൻ അല്ലെങ്കിൽ ശരിയായ കാര്യങ്ങൾ ശരിയായ സമയത്തിൽ ചെയ്യുവാൻ നമുക്ക് കഴിയുന്നത്, നമ്മുടെ വ്യക്തിപരമായ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം നാം ഗ്രഹിക്കുമ്പോഴാണ്. ദൈവം ഓരോ വ്യക്തിക്കും *'ക്രോണോസ്''* ഉം *'കൈറോസ്''*ഉം നിയമിച്ചിരുന്നു. നമുക്ക് ഓരോരുത്തർക്കും ഒരു *'ക്രോണോസ്''* അല്ലെങ്കിൽ ആയുർ ദൈർഘ്യം ഉണ്ട്. ദൈവം തന്റെ ജനത്തോട് വാഗ്ദത്തം ചെയ്യുന്നു, *"നിന്റെ ആയുഷ്കാലം ഞാൻ പൂർത്തിയാക്കും"* (പുറപ്പാട് 23:26). പൊതുവായ ദൈവ ഹിതം എന്തെന്നാൽ *"ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം, ഏറെ ആയാൽ എൺപതു"* (സങ്കീർത്തനങ്ങൾ 90:10). ദൈവം തന്റെ ജനത്തിന് വാഗ്ദത്തം ചെയ്യുന്നു *"ദീർഘായുസ്സുകൊണ്ട് ഞാൻ അവനു തൃപ്തിവരുത്തും"* (സങ്കീർത്തനങ്ങൾ 91:16) എന്ന് ദൈവം നമ്മോട്

വാശത്തം ചെയ്തിട്ടുണ്ട്. ഒരു ദൈവപൈതലിന് ഉള്ള ആനുകൂല്യം എന്തെന്നാൽ *"തക്കസമയത്തു കറ്റക്കുമ്പാരം അടുക്കിവയ്ക്കുന്നതുപോലെ നീ പൂർണ വാർധക്യത്തിൽ കല്ലറയിൽ കടക്കും"* (ഇയ്യോബ് 5:26). ചുരുക്കി പറഞ്ഞാൽ ദൈവം ഓരോരുത്തർക്കും വ്യക്തിപരമായി സമയങ്ങളും കാലങ്ങളും വച്ചിരിക്കുന്നു.

ഇങ്ങനെയുള്ള കാലങ്ങളെയും സമയങ്ങളെയും (*'കൈറോസ്''* നിമിഷങ്ങൾ) ആണ് നാം തിരിച്ചറിയേണ്ടതും തക്കത്തിൽ ഉപയോഗിക്കേണ്ടതും. ആ അവസരങ്ങളെ നാം പ്രയോജനപ്പെടുത്തണം.

ഇന്ന് നിങ്ങളുടേ ജീവിതത്തിലെ *'കൈറോസ്''* എന്താണ്? നിങ്ങൾ കടന്നു പോകുന്നത് ജീവിതത്തിന്റെ ഏതുകാലത്തിലൂടെയാണ്? ഇത് പ്രവർത്തിക്കാൻ ഉള്ള സമയമോ അതോ ഒരുക്കത്തിന്റെ സമയമോ? ഇത് പഠിക്കാൻ ഉള്ള സമയമോ അതോ പഠിപ്പിക്കാൻ ഉള്ള നേരമോ? നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ ഒരു വശം പഠിക്കാൻ ഉള്ള സമയമാണോ? ഇന്ന് ഒരു പ്രേത്യേക ബന്ധം വളർത്തേണ്ട സമയമാണോ? അതോ ഭാവിയെ കുറിച് ഒരു പദ്ധതി ഉണ്ടാക്കേണ്ട സമയം ആണോ? സമീപ കാലത്തിലെ വേഗമേറിയ ആത്മീക മാറ്റങ്ങളെ പറ്റി ഇരുത്തി ചിന്തിക്കേണ്ട സമയം ആണോ? ഒരു വിശേഷമായ വിഷയത്തെ കുറിച് പഠിക്കുവാനും അന്വേഷിക്കുവാനും ഉള്ള സമയം ആണോ? ഇത് ശ്രുശ്രൂഷിക്കാൻ ഉള്ള നേരമോ അതോ നയിക്കാൻ ഉള്ളതോ? നമ്മുടെ ജീവിതത്തിന്റെ ഓരോ സമയത്തെയും വ്യക്തമായി മനസ്സിലാക്കുമ്പോൾ, നമുക്ക് അവയെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.

കർത്താവായ യേശു യെരുശലേമിലേക്കു കടന്നു വരുന്ന ഒരു സമയം, അവൻ അതിനെ കണ്ട് അതിനെക്കുറിച്ചു കരഞ്ഞു. യെരുശലേമിൽ വരുന്ന നാശത്തെ പറ്റി, താൻ ഇങ്ങനെ പറഞ്ഞു, *"....ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു"* (ലൂക്കോസ് 19:41-44). ദൈവത്തിന് താൻ നിശ്ചയിച്ച ഒരു *"സന്ദർശന സമയം"* യെരുശലേമിനെ പറ്റി ഉണ്ടായിരുന്നു, പക്ഷെ ആ നഗരവാസികൾ അത് അറിഞ്ഞില്ല. ഞാൻ വിശ്വസിക്കുന്നത് വ്യക്തിപരമായി പ്രത്യേകമായ സന്ദർശന സമയങ്ങൾ ദൈവം ഓരോരുത്തർക്ക് നിശ്ചയിച്ചിട്ട് ഉണ്ട്. ജീവിതത്തിന്റെ ഈ സമയങ്ങളിൽ, ദൈവം തന്റെ പണി

നമ്മുടെ ഹൃദയങ്ങളിൽ ചെയ്യ കൊണ്ട് ഇരിക്കുന്ന, ചിലപ്പോൾ അത് ഭാവിയെ കുറിച്ചുള്ള പദ്ധതികളും ഉദ്ദേശങ്ങളും ആകാം, നാം പോകേണ്ട ഒരു ദിശ ആകാം, അല്ലെങ്കിൽ ഒരു കൃപാവരം പകരുന്നതോ വെളിപ്പെടുത്തുന്നതോ ആയിരിക്കാം. ഇതുപോലെ ഉള്ള സന്ദർശന സമയങ്ങളിൽ നമ്മുടെ പ്രതികരണം എന്താണോ അതിന് വളരെ പ്രാധാന്യം ഉണ്ട്. നാം ഈ സമയത്തെ പറ്റി അജ്ഞരാണെങ്കിൽ, ദൈവം നമ്മെ കടന്ന് പോയെന്നിരിക്കാം. ദൈവം നിങ്ങളുടെ ജീവിതത്തിൽ ചെയ്യകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണോ? അതിനോട് നിങ്ങൾ എങ്ങനെയാണ് പ്രതികരിക്കുന്നത്?

ശരിയായ സമയങ്ങൾ ശരിയായ ചുവടുകൾ

സഭാപ്രസംഗി 3:17

"...സകല കാര്യത്തിനും സകല പ്രവൃത്തിക്കും ഒരു കാലം ഉണ്ടല്ലോ എന്നു വിചാരിച്ചു."

സഭാപ്രസംഗി 8:6

"...സകല കാര്യത്തിനും കാലവും ന്യായവും ഉണ്ടല്ലോ..."

ഏതു കാര്യവും പ്രവർത്തിക്കാൻ ഒരു ശരിയായ സമയം ഉണ്ടെന്നു നാം മനസിലാക്കണം. ഓരോ വിഷയത്തിലും ദൈവം ആഗ്രഹിക്കുന്നത് പോലെ ചെയ്യുക എന്ന പോലെ തന്നെ പ്രാധാന്യം ഉള്ളത് ആണ്, അത് തക്ക സമയത്ത് നടത്തി എടുക്കുക എന്നുള്ളത്. പലപ്പോഴും നമ്മിൽ പലർക്കും കർത്താവിൽ നിന്ന് ഒരു ആശയമോ, പദ്ധതിയോ, ദർശനമോ ലഭിച്ചെന്നിരിക്കാം, അത് ഉടനെ അല്ലെങ്കിൽ എത്രയും വേഗത്തിൽ നടത്തി എടുക്കാൻ ആയിരിക്കും നാം ശ്രമിക്കുന്നത്. ഞാൻ പ്രയാസേന മനസിലാക്കിയ ഒരു കാര്യം ദൈവത്തിന് പദ്ധതികൾ മാത്രമല്ല അത് നിവർത്തിയാകേണ്ട ര്ക്യത്യമായ സമയം കൂടി ഉണ്ടെന്നുള്ളതാണ്. ദൈവത്തിന്റെ ആശയങ്ങളും പദ്ധതികളും മാത്രമല്ല അവ നിവർത്തിയാകേണ്ട ദൈവീക സമയം കൂടെ അറിയുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. നമ്മുടെ ചുവടുകൾ, മുമ്പിലോ പുറകിലോ ആയി പോകാതെ ദൈവത്തോടൊപ്പവും തന്റെ സമയത്തിന് ഒപ്പവും ആയിരിക്കട്ടെ.

ദാവീദ് രാജാവിന്റെ ജീവിതത്തിലെ രണ്ടു ഭാഗങ്ങൾ എടുത്തുകൊണ്ട് നമുക്ക് ചിലത് ചിന്തിക്കാം. ദൈവം സർവ യിസ്രായേലിന്റെയും രാജാവായി ദാവീദിനെ നിശ്ചയിച്ചിരുന്നു. അവൻ ഒരു ബാലൻ ആയിരുന്നപ്പോൾ തന്നെ യഹോവയുടെ പ്രവാചകനായ

ശമുവേൽ തന്നെ അഭിഷേകം ചെയ്യുവാനിടയായി—തൈലത്താലുള്ള അഭിഷേകം വ്യക്തമാക്കുന്നത് ദൈവം തന്റെ ജനത്തിന് രാജാവായി ദാവീദിനെ തിരഞ്ഞെടുത്തിരുന്നു എന്നാണ്. ഗോലിയാത്തിനെ പരാജയപെടുത്തിയതിലൂടെ ദാവീദിന് യിസ്രായേലിൽ ഒരു നായക പരിവേഷം ലഭിച്ചെങ്കിലും ശൗൽ രാജാവിൽ നിന്നും തന്റെ ജീവൻ സംരക്ഷിക്കേണ്ടതിന് അവന് ഓടിപ്പോകേണ്ടതായി വന്നു. ദാവീദ് ഒരു വന്യമൃഗത്തെ പോലെ വേട്ടയാടപ്പെട്ടും, അലഞ്ഞുതിരിഞ്ഞും, ഗുഹകളിൽ പാർത്തും ഇരുന്നു. വർഷങ്ങൾ പലത് കഴിഞ്ഞു, പക്ഷെ ഈ സമയങ്ങളിൽ എല്ലാം ദാവീദ് തന്റെ ദൈവത്തിന്റെ മുമ്പിൽ പരമാർത്ഥതയോടെ ജീവിച്ചു. ഒടുവിൽ ശൗൽ രാജാവ് ഒരു യുദ്ധത്തിൽ കൊല്ലപ്പെട്ടു. ദാവീദ് ഈ വാർത്ത കേട്ടപ്പോൾ ശൗലിനെയും കുടുംബത്തെയും ഓർത്തു വിലപിച്ചു കരഞ്ഞു. തുടർന്ന്, *"...ദാവീദ് യഹോവയോട്, "ഞാൻ യെഹൂദ്യനഗരങ്ങളിൽ ഒന്നിലേക്കു ചെല്ലേണമോ?" എന്നു ചോദിച്ചു. യഹോവ അവനോട്, "ചെല്ലുക" എന്നു കല്പിച്ചു. "ഞാൻ എവിടേക്കു ചെല്ലേണ്ടു?" എന്ന് ദാവീദ് ചോദിച്ചതിന്: ഹെബ്രോനിലേക്ക് എന്ന് അരുളപ്പാടുണ്ടായി. ദാവീദ് തന്നോടുകൂടെ ഉണ്ടായിരുന്ന ആളുകളെ ഒക്കെയും കുടുംബസഹിതം കൂട്ടിക്കൊണ്ടുപോയി; അവർ ഹെബ്രോന്യപട്ടണങ്ങളിൽ പാർത്തു. അപ്പോൾ യെഹൂദാപുരുഷന്മാർ വന്ന് അവിടെവച്ചു ദാവീദിനെ യെഹൂദാഗൃഹത്തിനു രാജാവായിട്ട് അഭിഷേകം ചെയ്തു..."* (2 ശമുവേൽ 2:1-4).

ശരിയായ നീക്കം ശരിയായ സമയത്ത് നടത്തിയത് ആണ് ദാവീദിനെ യെഹൂദയുടെ രാജാവാകുന്നതിലേക്ക് നയിച്ചത്. അധികം വൈകാതെ താൻ യിസ്രായേലിന്റെ രാജ്യസ്ഥാനത്തേക്കും നയിക്കപ്പെട്ടു. നാം ശ്രദിച്ചാൽ ഒരു കാര്യം കാണാൻ കഴിയും ദാവീദ് തന്റെ ചുവടുകളും സമയവും ദൈവത്തോട് ഒപ്പം ആണ് വച്ചത്. സിംഹാസനം തനിക്ക് അർഹതപ്പെട്ടത്ആയിരുന്നിട്ടും, അതിലേക്ക് എത്തുവാൻ ധൃതി വെക്കുകയോ കുറുക്കു വഴികൾ തേടുകയോ ചെയ്തില്ല. തന്നെ പറ്റിയുള്ള ദൈവീക പദ്ധതികൾ അതതിന്റെ സമയത്ത് നിറവേറേണ്ടതിന് ഏല്പിച്ചു കൊടുത്തു. ദൈവത്തോടൊപ്പം ഒരു സമയത്ത് ഒരു പടി എന്നുള്ളതിന്റെ പ്രാധാന്യം അവൻ മനസിലാക്കി. നോക്കു എത്ര ശ്രദ്ധയോടെയാണ് അവൻ ഹെബ്രോനിലേക്ക് പോകാനുള്ള നീക്കം നടത്തിയതെന്ന്. അവൻ ശരിയായ നീക്കങ്ങൾ ശരിയായ സമയത്തിൽ നടത്തിയപ്പോൾ കാര്യങ്ങൾ അവന്റെ നന്മക്ക്

ഉതകുന്ന നിലയിൽ ആയിത്തീർന്നു. ശരിയായ നീക്കങ്ങൾ ശരിയായ സമയത്തിൽ ചെയ്യുന്നത്, നമ്മെ കുറിച്ചുള്ള ദൈവീക പദ്ധതിയുടെയും ഉദ്ദേശത്തിന്റേയും പൂർത്തീകരണത്തിൽ എത്തിക്കും.

ദാവീദിന്റെ ജീവിതത്തിൽ സംഭവിച്ച രണ്ടാമത്തെ കാര്യം നിർഭാഗ്യകരമായ ഒന്നാണ്. കാരണം തനിക്ക് ദൈവത്തോടൊപ്പം സമയവും ചുവടുകളും വയ്ക്കുവാൻ കഴിയാതെ പോയതിനെയും തന്മൂലം ഉണ്ടായ കഠിന അനന്തരഫലങ്ങളെക്കുറിച്ചുമാണ്.

2 ശമുവേൽ 11:1,2

[1]പിറ്റേ ആണ്ടിൽ രാജാക്കന്മാർ യുദ്ധത്തിനു പുറപ്പെട്ടുംകാലം ദാവീദ് യോവാബിനെയും അവനോടുകൂടെ തന്റെ ചേവകരെയും എല്ലാ യിസ്രായേലിനെയും അയച്ചു; അവർ അമ്മോന്യദേശം ശൂന്യമാക്കി രബ്ബാപട്ടണം നിരോധിച്ചു. ദാവീദോ യെരൂശലേമിൽ തന്നെ താമസിച്ചിരുന്നു.

[2]ഒരുനാൾ സന്ധ്യയാകാറായ സമയത്തു ദാവീദ് മെത്തയിൽനിന്ന് എഴുന്നേറ്റു രാജധാനിയുടെ മാളികമേൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നതു മാളികയിൽനിന്നു കണ്ടു; ആ സ്ത്രീ അതിസുന്ദരി ആയിരുന്നു.

രാജാക്കന്മാർ തങ്ങളുടെ പുരുഷന്മാരുമായി യുദ്ധത്തിന് പുറപ്പെടുന്ന കാലം ആയിരുന്നു അത്. എന്നാൽ ദാവീദ് തന്റെ കൂടെയുള്ളവരെ യുദ്ധത്തിന് അയച്ചതിന് ശേഷം താൻ കൊട്ടാരത്തിൽ തന്നെ നിന്നു. അവൻ തെറ്റായ സ്ഥലത്തു തെറ്റായ സമയത്തിൽ ആയിരുന്നു. താൻ ബെത്ഷേബാ എന്ന സുന്ദരിയായ സ്ത്രീയെ കാണുകയും അവളുമായി വ്യഭിചാരത്തിൽ ഏർപ്പെടുകയും ചെയ്തു. ഇത് തന്റെ ജീവിതത്തിൽ ദുഃഖത്തിനും മനോവ്യസനത്തിനും കാരണമായി. ഈ പരാജയത്തിന്റെ കാരണം നമ്മൾ പിൻ ചെന്ന് പരിശോധിച്ചാൽ മനസിലാകും ദാവീദ് തന്റെ പുരുഷന്മാരും ആയി യുദ്ധത്തിന് പോകേണ്ട സമയം താൻ പോയില്ല എന്നതുകൊണ്ട് മാത്രം ആണ് എന്ന്. താൻ എടുത്ത തീരുമാനം തന്നെ തെറ്റായ നേരത്തിൽ തെറ്റായ സ്ഥലത്തു എത്തിച്ചു.

വേദപുസ്തകത്തിലെ നാല് സുവിശേഷങ്ങളും എടുത്തു പരിശോധിച്ചാൽ യേശു തന്റെ ജീവിതത്തെ എങ്ങനെ ക്രമപ്പെടുത്തി എന്ന് അറിയാം, തന്റെ ജീവിതത്തെ കുറിച്ചുള്ള പിതാവിന്റെ സമയത്തെ പറ്റി ഉത്തമബോധ്യവും ജാഗ്രതയും തനി ഉണ്ടായിരുന്നു. 30 വർഷത്തെ യേശുവിന്റെ ശുശ്രൂഷക്കായുള്ള കാത്തിരിപ്പ് കാണിക്കുന്നത് തന്റെ നാളും നാഴികയും ആയിരുന്നില്ല എന്നാണ്—ദൈവം തന്റെ ശുശ്രൂഷക്കായി കല്പിച്ചാക്കിയ നാൾ (യോഹന്നാൻ 2:4). യെശയ്യാവിന്റെ പ്രവചനം 61-ലെ ശ്കതമേറിയ

വാക്കുകൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു തന്റെ ശുശ്രൂഷക്ക് തുടക്കം കുറിച്ചത്. ആ പ്രവചന ശബ്ദം വായിച്ചതിന് ശേഷം അവൻ അവരോട് ഇങ്ങനെ പറഞ്ഞു, *"ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തിവന്നിരിക്കുന്നു"* എന്നു പറഞ്ഞുതുടങ്ങി (ലൂക്കോസ് 4:21). തന്റെ ശുശ്രൂഷ തുടങ്ങുന്നതിന്റെ ദൈവീക സമയത്തെ പറ്റി യേശു ബോധവാനായിരുന്നു. തന്റെ സന്ദേശവും ഒരു കാലത്തിന് വേണ്ടിയുള്ളത് ആയിരുന്നു—ഒരു കാലഘട്ടത്തിന്റെ സന്ദേശം. താൻ മാനസാന്തരം പ്രസംഗിച്ചുകൊണ്ട് പറഞ്ഞത് ഇപ്രകാരമാണ്, *"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു"* (മാർക്കോസ് 1:15). തന്റെ സന്ദേശത്തിലൂടെ യേശു ഒരു പുതിയ കാലഘട്ടത്തിന്റെ തുടക്കം കുറിക്കുകയായിരുന്നു. തന്റെ സന്ദേശം ജനത്തിന്റെ ശ്രദ്ധ ദൈവം ലോകത്തിൽ ആ സമയത്ത് എന്ത് ചെയ്യുന്നു എന്നതിലേക്ക് കൊണ്ട് വന്നു. തന്റെ പ്രഭാഷണങ്ങളും പ്രഖ്യാപനങ്ങളും ഒരു കാലഘട്ടത്തിന്റെ അനിവാര്യത ആയിരുന്നു. പിതാവ് ഭൂമിയിൽ എന്തെല്ലാം ചെയ്യാൻ പോകുന്നു എന്നും ചെയ്യാൻ ആഗ്രഹിക്കുന്നു എന്നും ഉള്ള ബോധ്യം തനിക്ക് ഉണ്ടായിരുന്നു. *"നാഴിക വരുന്നു"* എന്ന പ്രയോഗം അർത്ഥമാക്കുന്നത് സത്യത്തിലും ആത്മാവിലും ഉള്ള ഒരു ആരാധനയുടെ കാലം വരുന്നു എന്നും (യോഹന്നാൻ 4:21,23), തന്റെ മരണത്തിൽ നിന്നുള്ള പുനരുത്ഥാനത്തെ കുറിച്ചുമാണ് (യോഹന്നാൻ 5:25). മറ്റൊരിടത്തു താൻ ഇങ്ങനെ പറയുന്നു ഇതു ഞാൻ സദൃശമായി നിങ്ങളോടു സംസാരിച്ചിരിക്കുന്നു; എങ്കിലും ഞാൻ ഇനി സദൃശമായി നിങ്ങളോടു സംസാരിക്കാതെ പിതാവിനെ സംബന്ധിച്ചു സ്പഷ്ടമായി നിങ്ങളോട് അറിയിക്കുന്ന നാഴിക വരുന്നു (യോഹന്നാൻ 16:25).

ഇതിൽ നിന്നെല്ലാം നാം മനസിലാക്കുന്നത് ദൈവം ഭൂമിയിൽ ചെയുന്ന പ്രവർത്തികൾക്കും വിടുതലുകൾക്കും ഒരു നിശ്ചിത സമയം ഉണ്ട്. യേശുവിന് തന്റെ ക്രൂശീകരണ സമയത്തെപ്പറ്റിയും പൂർണ ബോധ്യം ഉണ്ടായിരുന്നു—അത് തന്നെ ഒരിക്കൽ പോലും ആശ്ചര്യപെടുത്തിയില്ല. ശിഷ്യന്മാർ തന്നെ ഉപേക്ഷിക്കുകയും ഓടിപ്പോവുകയും ചെയ്തപ്പോൾ സമയം ആയി എന്നും (യോഹന്നാൻ 16:32) താൻ ക്രൂശിക്കപ്പെടും എന്നും (യോഹന്നാൻ 13:1; യോഹന്നാൻ 17:1) യേശു ഗ്രഹിച്ചു. യഥാർത്ഥത്തിൽ തന്റെ ജീവിതം താൻ നയിച്ചത് പോലും തന്റെ ക്രൂശീകരണ സമയം മുമ്പിൽ

കണ്ടുകൊണ്ട് ആയിരുന്നു (യോഹന്നാൻ 16:32). വേദപുസ്തകം പറയുന്നു, *"..ആകയാൽ അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു എങ്കിലും അവന്റെ നാഴിക വന്നിട്ടില്ലായ്കയാൽ ആരും അവന്റെമേൽ കൈവച്ചില്ല"* (യോഹന്നാൻ 7:30; യോഹന്നാൻ 8:20). നമ്മുടെ യജമാനന്റെ ജീവിതം ഇങ്ങനെ പെട്ടെന്നു നോക്കിയാൽ നമുക്ക് മനസിലാക്കാം താൻ പിതാവിന്റെ സമയവും പദ്ധതികളെയും മനസിലാക്കിയാണ് തന്റെ ജീവിതം നയിച്ചത് എന്ന്. തന്നെ അനുകരിക്കുക എന്നുള്ളത് നമ്മുടെ ജീവിതത്തിന്റെ വെല്ലുവിളിയാണ്.

നാം എങ്ങനെയാണ് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുന്നത്? നമ്മുടെ സ്വർഗീയ പിതാവിന് നമ്മെ പറ്റിയുള്ള ഉദ്ദേശങ്ങൾക്ക് അനുസരിച്ചാണോ നമ്മുടെ ചുവടുകളും സമയവും പോകുന്നത്? നാം നമ്മിൽ പലരും പലപ്പോഴും ദൈവത്തിന്റെ മുമ്പിൽ കയറി ഓടാൻ ആഗ്രഹിക്കുന്നവരാണ്. കർത്താവിനെ സേവിക്കുന്നതിന് ഒപ്പം കർത്താവിനെ ആശ്രയിക്കുന്നതും അനിവാര്യമാണ്. വേദപുസ്തകം നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു *"നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്നതു പണ്ടുമുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല"* (യെശയ്യാവ് 64:4). എന്റെ കൗമാരകാലത്തിന്റെ തുടക്കത്തിൽ, ദൈവം എന്നിലൂടെ പ്രവർത്തിക്കാൻ ആരംഭിച്ചപ്പോൾ, പല സന്ദർഭങ്ങളിലും ഞാൻ മനഃപൂർവം പല ശുശ്രൂഷ മേഖലകളിലേക്കും കടന്നു. ഈ പുസ്തകത്തിൽ പറയുന്ന പല കാര്യങ്ങളിലും ഞാൻ അറിവില്ലാത്തനാണെന്ന് ദൈവത്തിനു അറിയാവുന്നത്കൊണ്ട്, ആ അനുഭവനകളിലൂടെയെല്ലാം പല പാഠങ്ങളും പഠിക്കുവാൻ ദൈവത്തിന് എന്നോട് കരുണ തോന്നി, എന്നെ സഹാ യിച്ചു. എന്നിരുന്നാലും ആ നാളുകളിൽ പ്രകടിപ്പിച്ച വിശ്വാസ ധൈര്യത്തെയും സംരംഭങ്ങളെയും ദൈവം അനുഗ്രഹിക്കുന്നത് കാണുവാൻ എനിക്ക് സാധിച്ചു. ആ കാലങ്ങളിലെ ഫലം ഇന്നും നിലനിൽക്കുന്നു. നാം സംസാരിച്ചുകൊണ്ട് ഇരുന്ന സത്യങ്ങൾ മനസ്സിലാക്കുമ്പോൾ, ദൈവീക സമയത്തെ പറ്റി അറിയുക എന്നുള്ളത് നമ്മുടെ ഉത്തരവാദിത്തം ആയി മാറുകയാണ്. ദൈവം നമ്മെ നയിക്കുന്നിടത്ത് എല്ലാം, അത് വ്യക്തിപരമായ ജീവിതമോ, ശുശ്രൂഷയോ, ജോലി മേഖലയോ എന്ത് തന്നെ ആയാലും ദൈവത്തിന്റെ പദ്ധതിയെയും സമയത്തെയും നാം അറിഞ്ഞിരിക്കേണം. നാം ഒരുക്കപ്പെടുകയും പണിയപ്പെടുകയും ചെയ്യുന്ന സമയങ്ങൾ ദൈവം നമുക്ക് മുമ്പിൽ വച്ചിട്ട് ഉണ്ട് എന്ന

നാം മനസിലാക്കണം. ദൈവം തന്റെ "യോദ്ധാക്കൾക്ക്" "സേവന സമയത്ത്" വേണ്ടി വരുന്ന പരിശീലനം നല്കുന്നു. ഭയം നിമിത്തം നാം പലപ്പോഴും പല സാഹചര്യങ്ങളും, സ്ഥലങ്ങളും, കാര്യങ്ങളും ഒഴിവാക്കാറുണ്ട്. ചിലപ്പോൾ ആ സാഹചര്യങ്ങളോട് എങ്ങനെ നാം പ്രതികരിക്കും എന്നതാവാം ഭയത്തിന്റെ കാരണം അല്ലെങ്കിൽ അജ്ഞതയോടു / അപരിചിതത്തിനോടുള്ള ഭയം ആകാം. എന്നാൽ ചിലപ്പോഴെല്ലാം ആ സാഹചര്യങ്ങളെ ജയിക്കാനും അതിൽനിന്ന് പഠിക്കാനും അങ്ങനെ പരിശീലിക്കപ്പെടാനുമാണ് ദൈവം അഗ്രഹിക്കുന്നത്. ജീവിതത്തിൽ ഇതുപോലുള്ള സാഹചര്യങ്ങൾ നേരിടുമ്പോൾ വഴിതെറ്റിയെന്നോ അനാവശ്യ കാലതാമസമാണെന്നോ തോന്നിയേക്കാമെങ്കിലും ദൈവം അത് നമ്മുടെ നന്മക്കായി മാറ്റും.

"കഴുതയെപ്പോലെ" ആയിരിക്കുന്നവരെ കാത്തിരിക്കുന്നത് നിരവധി അത്ഭുതങ്ങളാണ്. പലപ്പോഴും മനുഷ്യർ ദൈവം നൽകുന്ന പുതിയ തുടക്കങ്ങൾ എടുക്കാതെ, പഴയ കാലങ്ങളിൽ കുടുങ്ങി കിടക്കാർ ഉണ്ട്, അറിവുള്ളതും പരിചിതവുമായ മേഖലയിൽ മാത്രം ഒതുങ്ങുന്നു. ദൈവത്തിന്റെ പുതുചലനങ്ങൾ പലപ്പോഴും പുതിയതും അപരിചതവും ആയിരിക്കാം, താൻ ചെയുന്ന പ്രവർത്തികളിലേക്ക് നടക്കാൻ വിശ്വാസവും ധൈര്യവും നമ്മിൽ നിന്ന് ഉണ്ടാകേണ്ടത് ഉണ്ട്.

ദൈവം ഇന്ന് ലോകത്തിൽ ചെയ്യുന്ന കാര്യങ്ങളെ കുറിച് നാം അറിവുള്ളവർ ആയിരിക്കണം. നേതൃത്വത്തിൽ ഉള്ള നാം ഓരോരുത്തർക്കും ദൈവത്തിന്റെ സമയത്തിൽ ദൈവം ഒരുക്കുന്ന സ്ഥലത്തിലേക്ക് അവൻ ഏല്പിച്ചവരെ നയിക്കുക എന്ന ഉത്തരവാദിത്തം ഉണ്ട്.

3

കാലങ്ങളെയും സമയങ്ങളെയും അറിയുക

1 ദിനവൃത്താന്തം 12:32
'യിസ്സാഖാര്യരിൽ യിസ്രായേൽ ഇന്നതു ചെയ്യേണം എന്ന് അറിവാൻ തക്കവണ്ണം കാലജ്ഞന്മാരായ തലവന്മാർ ഇരുന്നൂറു പേർ';...

മേൽ പറഞ്ഞ വാക്യത്തിൽ പരാമർശിച്ച മനുഷ്യർ കാലങ്ങളെ കുറിച് മനസിലാക്കിയവരായിരുന്നു. അവർ *'കൈറോസ്''* നിമിഷങ്ങളെ അറിഞ്ഞിരുന്നു. ഓരോ സമയത്തിലും എങ്ങനെ പ്രവർത്തിക്കണം എന്നുള്ള തിരിച്ചറിവ് അവർക്ക് ഉണ്ടായിരുന്നു. കാലങ്ങളെയും സമയങ്ങളെയും മനസിലാക്കുന്നത് എന്ത് ചെയ്യണം എന്നുള്ള അറിവ് നമ്മിൽ ഉണ്ടാക്കും. വ്യക്തിപരമായ ജീവിതത്തിൽ പല സംഭവങ്ങളിലും നാം ദൈവത്തിന്റെ സമയത്തെ കണ്ടെത്തണം, ഉദാഹരണത്തിന് ഒരു ശുശ്രൂഷ ആരംഭിക്കുമ്പോൾ, വിവാഹത്തിൽ, ജോലി മാറാൻ ആഗ്രഹിക്കുമ്പോൾ, സുവിശേഷ വേല നിമിത്തം സ്ഥലം മാറുമ്പോൾ, ഒരു പുതിയ സംരംഭം തുടങ്ങുമ്പോൾ. തുടർന്നുള്ള ഭാഗങ്ങളിൽ വചനത്തിൽ പ്രത്യേകം കാണുന്ന ചില "കാലങ്ങളെ" നമുക്ക് പരിശോധിക്കാം.

ദൈവത്തിന്റെ പുതിയ തുടക്കങ്ങൾക്ക് ഒരു സമയം

ഭൂമിയിലുള്ള ദൈവീക പ്രവർത്തികൾക്കും, തുടക്കങ്ങൾക്കും, വിടുതലുകൾക്കും ഒരു സമയം ഉണ്ടെന്നു നാം മുൻപേ പറഞ്ഞുവല്ലോ. ദൈവം ഒരിക്കലും തന്റെ ക്രമം വിട്ട് ഒന്നും ചെയ്യുകയില്ല. തന്റെ മുൻ നിശ്ചിത സമയത്തിൽ താൻ ഭൂമിയിൽ ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ അവൻ തുടങ്ങുകയും അയക്കുകയും ചെയ്യും. പല സന്ദർഭങ്ങളിലും, യേശു പരാമർശിച്ചിട്ടുള്ള ഒരു പ്രയോഗമാണ് *"നാഴിക വരുന്നു"* (യോഹന്നാൻ 4:21). യേശു പറഞ്ഞു ജനമെല്ലാം ദൈവത്തെ *"ആത്മാവിലും സത്യത്തിലും"* (യോഹന്നാൻ 4:21,23) ആരാധിക്കുന്ന ഒരു സമയം വരും. നമ്മൾ ജീവിക്കുന്നത് ഈ സമയത്തിൽ ആണ്. ചരിത്രത്തിൽ ദൈവ പുത്രന്റെ അവതാരം സാത്താനെ തകർത്ത് വിജയം വരിച്ചതും ഒരു നിശ്ചിത സമയത്തിലാണ്. യേശു ഈ മുൻ-നിശ്ചിത സമയം ആഗതമായി

എന്നറിഞ്ഞപ്പോൾ, ഇങ്ങനെ പറഞ്ഞു, *"ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും"* (യോഹന്നാൻ 12:31). നാം ആയിരിക്കുന്ന കാലഘട്ടം ദൈവം തന്റെ ആത്മാവിനെ സകലരിലും അയക്കുന്ന കാലം ആണ് യോവേൽ 2:28, അപ്പോസ്തോല പ്രവർത്തികൾ 2:17 പറയുന്നത് പോലെ, *"അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും."* ദൈവാത്മാവിന്റെ സകലജഡത്തിന്മേലും ഉള്ള പകർച്ച ദൈവം കരുതി മാറ്റി വച്ചിരുന്നത് "അന്ത്യകാലം" എന്ന നാം ഇപ്പോൾ ആയിരിക്കുന്ന ഈ സമയത്തേക്ക് വേണ്ടിയായിരുന്നു. ദൈവം പ്രവർത്തിക്കുന്നത് തന്റെ കലണ്ടറിൽ ഉള്ള സമയപ്രകാരമാണെന്ന് ഇത് വ്യക്തമാക്കുന്നു.

ലോകത്തിൽ ഉള്ള ദൈവത്തിന്റെ ചലനങ്ങളെയും പ്രവർത്തികളെയും പറ്റി നാം പലതും മനസിലാക്കേണ്ടതുണ്ട്.

ഒരു നേരത്തിൽ തന്നെ ദൈവാത്മാവിന്റെ ഒന്നിൽ അധികമായ "ചലനങ്ങൾ" ലോകത്തിൽ ഉണ്ടായേക്കാം

നാം ആയിരിക്കുന്ന നാളുകൾ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന നാളുകൾ മാത്രമല്ല, മറിച് ദൈവാത്മാവിന്റെ പകർച്ച അനുഭവിക്കേണ്ട നാളുകൾ കൂടിയാണ്. ഇത് നാം തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. പലരും ഈ സത്യം തിരിച്ചറിയാതെ തങ്ങളിൽ തന്നെ ഒതുങ്ങിപ്പോകുന്നു, തല്ഫലം ദൈവം ലോകത്തിൽ ചെയ്യുന്ന അനേകം പ്രവർത്തികളിൽ ഒന്നായി അവരുടെ ജീവിതത്തിലെ പല ദൈവ പ്രവർത്തികളും മാറുന്നു. മേല്പറഞ്ഞവരുടെ പരിമിതമായ അറിവ് കൊണ്ടും വീക്ഷണം കൊണ്ടും ദൈവം ഇത്രേയുമൊക്കെയേ ചെയ്യുകയുള്ളൂ എന്ന അവർ വിശ്വസിക്കുന്നു, ഇത് തീർത്തും ഒരു അനാരോഗ്യപരമായ നിലപാട് ആണ്. ക്രിസ്ത്യാനി എന്ന നിലയിൽ ദൈവം ചെയ്യുന്ന എല്ലാ കാര്യങ്ങളെ കുറിച്ചും അറിവും ഒരു തുറന്ന മനോഭാവവും നമുക്ക് വേണം. ദൈവം നമ്മിൽ ചെയ്തെടുക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾക്ക് വേണ്ടി നമ്മെ തന്നെ ക്രമീകരിക്കുകയും പൊരുത്തപ്പെടുകയും ചെയ്യേണ്ടത് ആവശ്യമാണ്. ദൈവം ചെയ്യുകൊണ്ടിരുന്ന ചില കാര്യങ്ങളെ പറ്റി പറയുകയാണെങ്കിൽ—നാം കണ്ടിട്ടുള്ള ഒരു കാര്യമാണ് "വചനാധിഷ്ഠിത ചലനങ്ങൾ", ദൈവ വചനത്തിൽ നിന്ന് കൊണ്ട് വിശ്വാസം, രോഗ സൗഖ്യം, വീണ്ടെടുപ്പ്, സമൃദ്ധി മുതലായ വിഷയങ്ങളെ ആഴമായി പഠിപ്പിക്കുന്ന ഒരു കാലം. അതിന് ശേഷം

മറ്റു പല വിഷയങ്ങളെ ആസ്പദമായി പുതിയ ചലനങ്ങൾ സംഭവിച്ചു: ലോക സുവിശേഷികരണം, സഭ വളർച്ച, സ്തുതിയും ആരാധനയും, കുടുംബം, സാമൂഹിക രാഷ്ട്രീയ പ്രവർത്തനം, ആത്മീക പോരാട്ടം, പ്രവചനീകം, അപ്പോസ്തോലികം മുതലായവ. ഒരിക്കലും നിങ്ങളെ തന്നെയോ ദൈവം നിങ്ങളിൽ ചെയ്തെടുക്കുന്ന കാര്യങ്ങളെയോ പരിമിതപ്പെടുത്തരുത്, അതുപോലെ നിങ്ങളുടെ അതെ "ചിന്താഗതി" അല്ലാത്ത ദൈവം മറ്റൊരു രീതിയിൽ ഉപയോഗിക്കുന്ന ഒരുവനെ അംഗീകരിക്കാൻ പഠിക്കുക.

ഓരോ ദൈവീക നീക്കങ്ങൾക്കും ഒരു ഉദ്ദേശം ഉണ്ടാകും

ഇന്ന് നാം കാണുന്ന ആത്മപകർച്ചയുടെ ഉദ്ദേശം യേശു തന്നെ പറഞ്ഞിട്ട് ഉണ്ട്, *"നിങ്ങൾ ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 1:8). നാം ഓരോത്തരും ശോധന ചെയ്ത് മനസിലാക്കേണ്ട കാര്യം ആണ്, ദൈവം ചെയ്യുന്നത് ഓരോന്നും എന്തിനായി ചെയ്യുന്നു എന്ന്. അല്ലെങ്കിൽ സംഭവിക്കാവുന്ന ഒരു സാധ്യത, നാം "ബാഹ്യമായ ആത്മീകതയിലേക്ക്" പോകുകയും ദൈവീക "ഉദ്ദേശങ്ങളിൽ" നിന്ന് വ്യതിചലിക്കുകയും ചെയ്യും. ഇങ്ങനെ പരിശോധിക്കുന്നത്കൊണ്ട്, നമ്മെ കുറിച്ചുള്ള ദൈവീക ഉദ്ദേശങ്ങളുടെ പൂർത്തീകരണത്തിലേക്ക് എത്താൻ നാം എന്ത് പരിശ്രമമാണ് എടുക്കേണ്ടത് എന്നുള്ള തിരിച്ചറിവ് നമ്മിൽ ഉണ്ടാക്കും.

ദൈവത്തിന്റെ ഓരോ ചലനവും ദൈവത്തിന്റെ മറ്റു ചലനങ്ങളുമായ് പരസ്പര പൂരകങ്ങളായിരിക്കും

ദൈവത്തിന്റെ വ്യത്യസ്തമായ ഓരോ ചലനവും തമ്മിൽ ചേരാതെ ഇരിക്കുന്നില്ല പകരം അവ ഓരോന്നും താൻ ചെയ്യുന്ന കാര്യങ്ങളെ പൂർത്തീകരിക്കുന്നു. ഉദാഹരണത്തിന്, പരിശുദ്ധാത്മ നിറവ് നമ്മെ സാക്ഷികൾ ആക്കി തീർക്കുമ്പോൾ തന്നെ ആത്മാവിലും സത്യത്തിലും ആരാധിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ആത്മാവിലുള്ള ആരാധന പിതാവിനെ സന്തോഷിപ്പിക്കുമ്പോൾ തന്നെ ശത്രുവിന് എതിരെയുള്ള ഒരു ആയുധവും സുവിശേഷത്തിന്റെ വ്യാപ്തിക്ക് സഹായകരവുമാണ്. അതുകൊണ്ട് മറ്റൊരു ദൈവീക ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരുമായി ചേർന്ന് പ്രവർത്തിക്കാൻ ശീലിക്കാം, ഇത് നമ്മുടെ ജീവിതത്തിന്റെ അഭിവൃദ്ധിക്കും കാരണം ആകും.

ദൈവം ചെയ്ത പഴയ പ്രവർത്തികളിൽ മാത്രം തുടരുമ്പോൾ തെറ്റി പോകാൻ സാധ്യത ഉണ്ട്

ദൈവത്തിന്റെ മുൻകാല പ്രവർത്തികളെ അറിയുമ്പോൾ തന്നെ അവയിൽ മാത്രം തുടരാൻ നാം നമ്മെ അനുവദിച്ചുകൂടാ. വാഗ്ദത്ത നാടിനെ ലക്ഷ്യമാക്കി യാത്ര ചെയ്ത യിസ്രായേലിനെ നോക്കാം. പലപ്പോഴും അവർ നിരാശപ്പെട്ടു. അവർ ദൈവത്തിനും മോശക്കും എതിരായി മുറുമുറുക്കുകയും കുറ്റം പറയുകയും ചെയ്തു. അങ്ങനെ ഒരു സന്ദർഭത്തിൽ ദൈവം യിസ്രായേൽ പാളയത്തിൽ അഗ്നി സർപ്പങ്ങളെ അയച്ചു ജനത്തെ കൊന്ന് കളഞ്ഞതായി നാം വായിക്കുന്നു. പക്ഷെ ജനം പശ്ചാത്തപിച്ചപ്പോൾ, ദൈവം മോശയോട് ഒരു താമ്ര സർപ്പത്തെ കൊടിമരത്തിൽ തൂക്കാൻ പറഞ്ഞു, *"പിന്നെ സർപ്പം ആരെയെങ്കിലും കടിച്ചിട്ട് അവൻ താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും"* (സംഖ്യപുസ്തകം 21:1-9). ചരിത്രം പരിശോധിച്ചാൽ നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ യിസ്രായേൽ ജനം മോശ ഉയർത്തിയ താമ്ര സർപ്പത്തിന്ന് ധൂപം കാട്ടാനും അതിനെ ആരാധിപ്പാനും തുടങ്ങി (2 രാജാക്കന്മാർ 18:4). ജനത്തിന്റെ ഇടയിൽ ഉയർന്ന ഈ തിന്മയെ നീക്കാൻ ദൈവം ഹിസ്കീയാ രാജാവിനെ എഴുന്നേൽപ്പിച്ചു. ഈ നാളുകളിലും ദൈവത്തിന്റെ മുൻകാല പല പ്രവർത്തിയെയും ഇതുപോലെ മുറുകെ പിടിച്ച് വിഗ്രഹമാക്കി അനേകർ മാറ്റിയിട്ട് ഉണ്ട്. ഇത് ദൈവഹിതത്തിനു വിരുദ്ധമായി നമ്മളെ തെറ്റിലേക്കും വഞ്ചനയിലേക്കും നയിക്കുന്നു.

ദൈവം ചെയ്യുന്ന പുതിയ കാര്യങ്ങൾക്ക് അനുസരിച്ച് ചുവടുവെക്കാതിരുന്നാൽ വലിയ വില കൊടുക്കേണ്ടി വരും

പലപ്പോഴും ദൈവം തന്റെ പ്രവർത്തിയും സാനിധ്യവും വെളിപ്പെടുത്തുന്ന ഒരു പ്രേത്യേക "ശൈലി" നമുക്ക് പരിചിതമായിരിക്കാം, പക്ഷെ അങ്ങനെ മാത്രമേ ദൈവം പ്രവർത്തിക്കുന്നുള്ളു എന്ന് വിശ്വസിച്ചാൽ ഇന്നിന്റെ കാലത്തെ ദൈവീകപ്രവർത്തനങ്ങളുടെ കണ്ടെത്തെന്നുന്നതിൽ നാം പരാജയപ്പെടും. പഴയ നിയമത്തിലെ ശക്തനായ പ്രവാചകൻ ആയിരുന്നു, മോശ. ഒരു സമയത്തിൽ ദൈവം തന്നോട് പറഞ്ഞ പ്രകാരം താൻ പാറയെ അടിക്കുകയും അത് വെള്ളം പുറപ്പെടുവിക്കുകയും ചെയ്തു, അത് യിസ്രായേൽ ജനത്തിന്റെ ദാഹം മാറ്റാൻ ഇടയായി (പുറപ്പാട് 17:1-7). കുറെ വർഷങ്ങൾക്ക് ശേഷം, മോശെ സമാനമായ ഒരു സന്ദർഭത്തിൽ കൂടി വീണ്ടും കടന്ന് പോയി. പക്ഷെ ഈ സമയം ദൈവം പാറയെ തന്റെ വടികൊണ്ട്

അടിക്കുന്നതിന് പകരം പാറയോട് കൽപ്പിക്കാൻ പറഞ്ഞു. എന്നാൽ മോശ ജനത്തിന്റെ ശ്രുക്ഷമായ പരാതി കാരണം പാറയോട് കല്പിക്കുന്നതിന് പകരം അതിനെ അടിച്ചു. അവൻ രണ്ടു തവണ അടിച്ചു (പുറപ്പാട് 20:1-13). വെള്ളം ചാടി പുറപ്പെട്ടില്ലേ എന്ന് ചോദിച്ചാൽ പുറപ്പെട്ടു പക്ഷെ മോശെയുടെ അവിശ്വാസത്തിനും അനുസരക്കേടിനും അവൻ കണക്ക് കൊടുക്കേണ്ടി വന്നു. ആ നിമിഷത്തിൽ മോശെയെ സംബന്ധിച്ച് ഏറ്റവും അനുയോജ്യമായി ചെയ്യാൻ തോന്നിയത് താൻ മുൻപ് കണ്ടതും പ്രവർത്തിച്ചതുമായ കാര്യം ആയിരുന്നു. തന്നെ സംബന്ധിച്ച് പാറയോട് കല്പിക്കുക എന്നുള്ളത് സ്വീകാര്യമല്ലായിരുന്നു. അത്ഭുതങ്ങളുടെ കാരണം ദൈവപ്രവർത്തി അല്ല തന്റെ കയ്യിലുള്ള വടിയാണെന്ന ചിന്ത തനിക്ക് ഉണ്ടായിരുന്നിരിക്കാം. അവിശ്വാസം നിമിത്തം മോശെക്ക് തന്റെ ജീവിതത്തിൽ വല്യ വില കൊടുക്കേണ്ടി വന്നു. ഫലങ്ങൾ എന്ത് തന്നെ ആയാലും ദൈവം ചെയ്യുന്ന പുതിയ പ്രവർത്തിക്ക് സ്വീകരിക്കാൻ നാം തയ്യാറാണോ?

ദർശനം പൂർത്തീകരിക്കാൻ ഒരു സമയം

ഹബക്കൂക് 2:2,3

[2]യഹോവ എന്നോട് ഉത്തരം അരുളിയത്:
നീ ദർശനം എഴുതുക;
ഓടിച്ചു വായിപ്പാൻ തക്കവണ്ണം
അതു പലകയിൽ തെളിവായി വരയ്ക്ക.
[3]ദർശനത്തിന് ഒരു അവധിവച്ചിരിക്കുന്നു;
അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല;
അതു വൈകിയാലും അതിനായി കാത്തിരിക്ക;
അതു വരും നിശ്ചയം;
താമസിക്കയുമില്ല.

നമ്മുടെ ജീവിതത്തോടും ഹൃദയത്തോടും ദൈവം സംസാരിക്കുന്ന വചനം ഫലം കായിക്കേണ്ട ഒരു നിശ്ചിത സമയം ഉണ്ട്. ഒരു സ്ത്രീ തന്റെ കുഞ്ഞിന് ജന്മം നൽകുന്നത് പോലെയുള്ള ഒരു പ്രക്രിയ ആണത്. ഗർഭധാരണ നിമിഷം പോലെ ഏതെങ്കിലും ഒരു നിമിഷം ദൈവം തന്റെ സ്വപ്നം, ആശയം, തന്ത്രങ്ങൾ, പദ്ധതികൾ ഒരു മനുഷ്യന്റെ നിങ്ങളുടെ ഹൃദയത്തിൽ നിക്ഷേപിക്കുന്നു. ആ പദ്ധതിയുടെ വളർച്ചക്ക് ആവശ്യമായ സംഭവങ്ങൾ, വ്യക്തിവികാസം എല്ലാം കാലം നീങ്ങുമ്പോൾ വന്ന് ചേർന്നുകൊണ്ട് ഇരിക്കും. പിന്നീട് വളർച്ചയുടെ സമയമാണ്, അതായത് നിങ്ങളും ആവശ്യമായ

മറ്റു ഘടകങ്ങളും ആ പദ്ധതിയുടെ പൂർത്തികരണത്തിനായ് ഒന്നിച്ച് വരുന്ന സമയം. ഒടുവിൽ ആ കുഞ്ഞിന്റെ ജനന സമയം ആകുന്നു—ദർശനം പൂർത്തീകരിക്കപ്പെടുന്നു. നാം മനസിലാക്കേണ്ട ഒരു വസ്തുത കാത്തിരിപ്പിന്റെ ഒരു സമയം ഉണ്ട്—കടന്നുപോകുന്ന സമയം—ദർശനം നാം പ്രാപിച്ചത് മുതൽ അതിന്റെ പൂർത്തീകരണം നടക്കുന്നത് വരെ. ഈ സമയം ആണ് ദൈവം പകർന്ന ദർശനത്തിന്റെ അടിസ്ഥാനം നമ്മിൽ ഇടുന്നത്. ഈ സമയത്തിലാണ് ആണ് ദർശനത്തിന്റെ പൂർത്തീകരണത്തിനായുള്ള അടിസ്ഥാനപ്രവർത്തനങ്ങൾ ഇടുന്നതിന് ദൈവം നമ്മെ പ്രാപ്തരാക്കുന്നത്. നാം ദൈവം നമ്മിൽ ചെയ്യുന്ന പണിയെക്കുറിച്ച് ജാഗ്രതയുള്ളവരും, തന്റെ ദർശനം നമ്മിൽ പൂർത്തീകരിക്കപ്പെടും എന്ന ധൈര്യം ഉള്ളവരും ആയിരിക്കണം. കാത്തിരിപ്പിന്റെ കാലത്ത്, നമുക്ക് ലഭിച്ച ദർശനത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ വ്യക്തികൾ, സ്ഥലങ്ങൾ, കാര്യങ്ങൾ എല്ലാം ദൈവം കൂട്ടി ചേർക്കും. നാം ഒരുങ്ങുകയും കാര്യങ്ങൾ അതിന്റെ ഗതിയിലേക്ക് ആയി തീരുമ്പോൾ ആണ്, *'കൈറോസ്'* എന്ന നിമിഷം ഉണ്ടാകുന്നത്—എന്ന് വച്ചാൽ ദർശനത്തിന്റെ സമാപ്തി. ദർശനത്തിന്റെ പൂർത്തീകരണത്തിനുള്ള *'കൈറോസ്'* നിമിഷം ഉണ്ടാകുന്നത്.

ഫലം ആസ്വദിക്കാനുള്ള സമയം

സങ്കീർത്തനങ്ങൾ 1:3
അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതും
തക്കകാലത്തു ഫലം കായിക്കുന്നതും
ഇല വാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും;

തക്കകാലത്തിലാണ് ഫലങ്ങൾ കായ്ക്കുന്നത്. ഇത് കാണിക്കുന്നത് നമ്മുടെ അധ്വാനത്തിന്റെ ഫലം കാണുകയും അനുഭവിക്കുകയും ചെയുന്ന ഒരു കാലം നമുക്ക് ഉണ്ട്. നമ്മളിൽ ചിലർ ദൈവം വിളിച്ച ഒരു പ്രേത്യേക മേഖലയിൽ വളരെ ഉത്സാഹത്തോടെ അധ്വാനിക്കുന്നവർ ആയിരിക്കാം. ചിലപ്പോൾ പെട്ടെന്നുള്ള ഒരു ഫലം നാം ചെയുന്ന അധ്വാനത്തോട് അനുബന്ധിച് വരാതെ ഇരുന്നാൽ അല്ലെങ്കിൽ നാം ഉദ്ദേശിക്കുന്ന സമയത്ത് ഉണ്ടായില്ലെങ്കിൽ നിരാശർ ആയെന്നിരിക്കാം. കാലം തെറ്റി ഫലം നോക്കുമ്പോൾ ചിലപ്പോൾ നിരാശപ്പെട്ട് പോയേക്കാം. നമ്മൾ മനസിലാക്കേണ്ട കാര്യം

ഫലം കായ്ക്കുന്ന ഒരു കാലം ഉണ്ട്. നമ്മൾ അധ്വാനിച്ചതിന്റെ മുപടി മൊട്ടിട്ട്, പൂത്ത്, ഫലം കായ്ക്കുന്ന ഒരു നിശ്ചയിച്ച സമയം ഉണ്ട്. നമ്മൾ അധ്വാനിക്കുമ്പോൾ വിള തരുന്ന ദൈവത്തിൽ നോക്കികൊണ്ട്, അവൻ തക്ക സമയത്ത് നമ്മുടെ വിളയെ വർധിപ്പിക്കും എന്ന് ഉറച്ചും ഇരിക്കണം (1 കൊരിന്ത്യർ 3:6).

പരിശോധനയുടെയും പരീക്ഷയുടെയും ഒരു കാലം

ലൂക്കൊസ് 4:13
അങ്ങനെ പിശാച് സകല പരീക്ഷയും തികച്ചശേഷം കുറെക്കാലത്തേക്ക് അവനെ വിട്ടുമാറി.

എഫെസ്യർ 6:13
അതുകൊണ്ടു നിങ്ങൾ ദുർദിവസത്തിൽ എതിർഷാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവായുധവർഗം എടുത്തുകൊൾവിൻ.

മലയാള പരിഭാഷയിൽ കുറേകാലം എന്ന് പറയുന്നിടത് ഇംഗ്ലീഷ് പരിഭാഷയിൽ "അവസരം" സന്ദർഭോചിതമായ എന്നെല്ലാം അർഥം വരുന്ന ഒരു പ്രയോഗം ആണ് ഉപയോഗിച്ചിരിക്കുന്നത്. ചില കാലങ്ങളും സമയങ്ങളും സാത്താൻ ഒരു വിശ്വാസിക്കെതിരെ അവന്റെ ആക്രമണം അഴിച്ചുവിടാനുള്ള അവസരം ആക്കി വച്ചിട്ട് ഉണ്ട്. പിശാച് തന്റെ ആക്രമണം ഉചിതമായ നിമിഷങ്ങളിൽ ആസൂത്രണം ചെയ്യുന്നു. ഇതിനെ നമ്മക്ക് *"ദുർദിവസം"* എന്ന് വിളിക്കാം (എഫെസ്യർ 6:13). ചില സമയങ്ങൾ നാം എന്തെങ്കിലും കാരണം കൊണ്ട്, ഏറ്റവും ദുർബലമായി ഇരിക്കുന്ന ഒരു നേരമോ അല്ലെങ്കിൽ ശത്രുവിന് നമ്മുടെ ജീവിതത്തിൽ പ്രവേശിക്കാൻ ഉള്ള ഒരു വാതിൽ തുറന്ന് കൊടുത്ത ഒരു സമയമോ ആയിരിക്കാം. *"പരീക്ഷാസമയം"* എന്നാണ് യേശു അതിനെ പരാമർശിച് പറഞ്ഞത് (ലൂക്കോസ് 8:13). അതുകൊണ്ട് *"നിർമദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ"* (1 പത്രോസ് 5:8) എന്നുള്ള മുന്നറിയിപ്പ് നമുക്ക് മുമ്പിലുണ്ട്. തിന്മയുടെ പ്രഹരം ഉണ്ടാകുന്ന പ്രത്യേക കാലങ്ങളും സമയങ്ങളും നമുക്ക് മുമ്പിൽ ഉണ്ടാകും എന്നുള്ളത് നാം മനസിലാക്കിയിരിക്കണം. ശക്തവും സമ്മർദ്ദമേറിയതുമായ യുദ്ധങ്ങൾ നാം നേരിടേണ്ട സമയങ്ങൾ വരാം. എന്നിരുന്നാലും നമുക്ക് ഉറച്ച നിന്ന് ശത്രുവിന്റെ എല്ലാ പ്രവർത്തിയെയും ജയിക്കാൻ കഴിയും എന്ന് നാം മനസിലാക്കിയിരിക്കണം. മിക്കപ്പോഴും സാത്താന്റെ കഠിനമായ ആക്രമണങ്ങൾ വലിയ വിജയങ്ങളും മുന്നേറ്റങ്ങളും ജീവിതത്തിൽ സംഭവിക്കാറായി എന്നതിന്റെ സൂചന കൂടിയാണ്. അതുപോലെ നമ്മോട് ഒപ്പം ഉള്ള

സഹവിശ്വാസികൾ കടന്നു പോകുന്ന സമയങ്ങൾ തിരിച്ചറിഞ്ഞാൽ അവർ ഇതുപോലെയുള്ള സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോൾ അവരെ സഹായിക്കാനും ഒരു കൈത്താങ്ങാകാനും നമുക്ക് കഴിയും. *"ദുഷ്കാലത്തും"* (സങ്കീർത്തങ്ങൾ 41:1) *"അനർത്ഥദിവസത്തിലും"* (സങ്കീർത്തങ്ങൾ 37:18,19) സഹായിക്കും എന്നുള്ള വാഗ്ദത്തം നമുക്ക് ദൈവത്തിൽ നിന്നുണ്ട്.

കൊയ്യുവാൻ ഒരു കാലം

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 16:6,7

[6]അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവ് വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലുംകൂടി സഞ്ചരിച്ചു,

[7]മുസ്യയിൽ എത്തി ബിഥുന്യയ്ക്കു പോകുവാൻ ശ്രമിച്ചു; യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല

നമ്മുടെ ദൈവം കൊയ്ത്തിന്റെ യജമാനനാണ്. രാജ്യങ്ങൾ അവന്റെ കൊയ്ത്തുനിലങ്ങൾ ആണ്. തന്റെ നിലങ്ങൾ എപ്പോൾ കൊയ്ത്തിന്ന് ഒരുങ്ങിയിരിക്കുന്നു എന്ന് അവൻ അറിയുന്നു, എല്ലാം ഒരുപോലെ ഒരുങ്ങുകില്ല താനും. പൗലോസിനും തന്റെ സഹ പ്രവർത്തകർക്കും ഉണ്ടായ അനുഭവങ്ങൾ നമുക്ക് അറിയാം, സുവിശേഷത്തിന് വേണ്ടി താൻ ചില ഇടങ്ങളിൽ പോകുന്നതിനെ പരിശുദ്ധാത്മാവ് വിലക്കിയിരുന്നു. പല കാരണങ്ങൾ കൊണ്ടാകാം ഒരിടം സുവിശേഷം സ്വീകരിക്കുവാൻ ഒരുക്കമല്ലാതെ ഇരിക്കുന്നത്. ചിലപ്പോൾ അവിടെയുള്ള ജനം വചനം സ്വീകരിക്കാൻ ഒരുക്കമല്ലായിരിക്കാം പ്രാർത്ഥനയും മധ്യസ്ഥതയിലൂടെയും ആയിരിക്കും അവരിലേക്ക് എത്തേണ്ടത്. ചിലപ്പോൾ അവിടെയുള്ള പല വെല്ലുവിളികളെയും നേരിടാൻ പ്രവർത്തകർ സജ്ജരായിരിക്കണം എന്നില്ല, കുറച്ചുകൂടി വൈകി ചുവടുകൾ വക്കുന്നത് വല്യ കൊയ്ത്തിന് കാരണമായി തീരാം. എന്ത് തന്നെയായാലും നാം പരിശുദ്ധാത്മാവ് കൊയ്ത്തിനായി നയിക്കുന്ന ഇടങ്ങളിലേക്ക് പോകുവാൻ ജാഗ്രതയുള്ളവരും, അവനോടൊപ്പം ഓരോ നിമിഷവും ചുവടിലും മുമ്പോട്ട് പോകാൻ തയ്യാറുമായിരിക്കണം.

ദൈവ ഭവനം പണിയേണ്ട ഒരു കാലം

ഹഗ്ഗായി 1:1-4

[1]യഹോവയുടെ അരുളപ്പാട് ഹഗ്ഗായിപ്രവാചകൻ മുഖാന്തരം യെഹൂദാദേശാധിപതിയായി ശെയല്തീയേലിന്റെ മകനായ സെരുബ്ബാബേലിനും മഹാപുരോഹിതനായി യെഹോസാദാക്കിന്റെ മകനായ യോശുവയ്ക്കും... ഉണ്ടായതെന്തെന്നാൽ:

[2]സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യഹോവയുടെ ആലയം പണിവാനുള്ള കാലം വന്നിട്ടില്ലെന്ന് ഈ ജനം പറയുന്നുവല്ലോ.

[3]ഹഗ്ഗായിപ്രവാചകൻ മുഖാന്തരം യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: [4]ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?

ഹഗ്ഗായി 1:8
നിങ്ങൾ മലയിൽ ചെന്നു മരം കൊണ്ടുവന്ന് ആലയം പണിവിൻ; ഞാൻ അതിൽ പ്രസാദിച്ചു മഹത്ത്വപ്പെടും എന്നു യഹോവ കല്പിക്കുന്നു.

പഴയ നിയമത്തിൽ നാം കാണുന്നു, ദൈവ ജനം പലപ്പോഴും ദൈവീക സമയത്തെ നഷ്ടപെടുത്തിയവരും ദൈവഹിതമല്ലാതെ ജീവിച് കുറ്റക്കാരായിത്തീർന്നവരുമാണ്. അവർ ആലയം പണിയുന്നത് അവഗണിച്ചവരും തങ്ങൾക്ക് തന്നെ ഭവനങ്ങൾ പണിയുന്നവരുമായിരുന്നു. ഇന്ന് നാം ചിന്തിക്കുമ്പോൾ ദൈവം "കൈപണിയായുള്ള ആലയങ്ങളിലല്ല" മറിച് "ജീവനുള്ള കല്ലുകൾ" ആയ നമ്മളിൽകൂടെ ആലയമായി മാറുന്നത് കാണാം. (1 പത്രോസ് 2:4). യേശു പണിയും എന്ന് പറഞ്ഞ സഭയിൽ, താൻ തന്റെ വിശ്വാദ്ധന്മാരെ വിളിച് ശ്രേഷ്ഠ വരങ്ങളോടെ കൂടെ അവരെ ശുശ്രൂഷക്കായി നിയമിച്ചു. (എഫെസിയർ 4:7-11). ജനം താത്കാലിക ഭവനങ്ങൾ പണിയുന്നതിലും മുൻതൂക്കം ദൈവത്തിന്റെ ആലയത്തിന്റെ പണിക്കു കൊടുക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. കഴിഞ്ഞ നാളുകളിലെ പോലെ ഒരു സമയം വരും ദൈവം തന്റെ ജനത്തെ തങ്ങൾക്ക് തന്നെ വീടുകൾ പണിയുന്നതിന് (ആഡംബരങ്ങൾ, വ്യക്തികേന്ദ്രിയ ക്രിസ്റ്റീയ പ്രസ്ഥാനങ്ങൾ) പകരം ദൈവത്തിന്റെ ആലയം പണിയിലേക്ക് മടക്കിക്കൊണ്ടു വരും. ഇതുകൊണ്ട് അർത്ഥമാകുന്നത് നമ്മുടെ ജീവിത ശൈലികളെ പുതിയ നിലവാരങ്ങളിൽ രൂപാന്തരപ്പെടുത്താൻ നാം തയ്യാറായിരിക്കണം—കൂടതൽ സമർപ്പണത്തോടെ, ധാരാളം ഔദാര്യം കാണിച്ചുകൊണ്ട്, ധൈര്യത്തോടെ മുന്പോട്ട് പോയ്കൊണ്ടും.

നിശബ്ദമായ ഒരു കാലഘട്ടം

ഗലാത്യർ 1:15-18

[15]എങ്കിലും എന്റെ അമ്മയുടെ ഉദരത്തിൽവച്ചു തന്നെ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ എന്നെ വിളിച്ചിരിക്കുന്ന ദൈവം
[16]ഞാൻ ജാതികളുടെ ഇടയിൽ അവനെ പ്രസംഗിക്കേണ്ടതിന് പുത്രനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ മാംസരക്തങ്ങളോട് ആലോചിക്കുകയോ
[17]എനിക്ക് മുമ്പെ അപ്പൊസ്തലന്മാരായവരുടെ അടുക്കൽ യെരൂശലേമിലേക്ക് പോകയോ ചെയ്യാതെ അറേബ്യയിലേക്ക് പോകുകയും പിന്നെ ദമസ്കൊസിലേക്ക് മടങ്ങിപ്പോരുകയും ചെയ്തു.

[18]പിന്നെ മൂന്ന് വർഷം കഴിഞ്ഞിട്ട് കേഫാവുമായി മുഖപരിചയമാകേണ്ടതിന് ഞാൻ യെരുശലേമിലേക്ക് പോയി പതിനഞ്ചുദിവസം ഞാൻ അവനോടുകൂടെ പാർത്തു.

ഗലാത്യർ 2:1
പതിന്നാല് ആണ്ട് കഴിഞ്ഞിട്ടു ഞാൻ ബർന്നബാസുമായി തീത്തൊസിനെയും കൂട്ടിക്കൊണ്ടു വീണ്ടും യെരുശലേമിലേക്കു പോയി

തിരുവചനം നാം പരിശോധിച്ചാൽ പല ദൈവ മനുഷ്യരും—ദൈവം നേതൃത്വനിരയിലേക്ക് ഉയർത്തിയവർ—വളരെ അധികം വർഷങ്ങൾ "നിശബ്ദമായി" ഒരുക്കത്തിൽ ആയിരുന്നു. ഈ സമയങ്ങളെ "നിശബ്ദം" എന്ന പറയുന്നതിന് കാരണം ഈ കാലഘട്ടങ്ങളിൽ ഇവരെന്ത് ചെയ്യുകയായിരുന്നെന്ന് എവിടെയും പ്രതിപാദിക്കുന്നില്ല. ദൈവം അവരെ വിളിച്ച ഉദ്ദേശത്തിനായി, പരിശീലിപ്പിച്ചും തയ്യാറാക്കിയുംകൊണ്ടിരിക്കയായിരുന്നു. നിശബ്ദതയുടെ നാളുകളുടെ അവസാനം അവൻ അവരെ വിളിച്ച മഹത്വമേറിയ ശുശ്രൂഷയിലേക്ക് അവരെ ആക്കി. പൗലോസിന്റെ ജീവിതത്തിൽ നമുക്ക് ഇത് തെളിവായി കാണാൻ കഴിയും. തന്നെ വിളിച്ചതും തിരഞ്ഞെടുത്തതും ഒരു അപ്പോസ്തോലൻ ആയിട്ടാണെങ്കിലും താൻ ആ വിളിയുടെ പൂർത്തീകരണത്തിലേക്ക് എത്തിയത് വർഷങ്ങൾക്ക് ശേഷമാണ്. താൻ രക്ഷയുടെ അനുഭവത്തിലേക്ക് വന്നതിന് ശേഷമുള്ള അനേകം നാളുകൾ അറേബ്യയിൽ ആയിരുന്നു. ഏകദേശം 10 വർഷങ്ങൾക്ക് ശേഷം തന്റെ പരസ്യ ശുശ്രൂഷ ഒരു ഉപദേഷ്ടാവായി അന്തിയോക്കിയ സഭയിൽ തുടങ്ങാൻ ഇടയായി. വീണ്ടും മൂന്ന് വർഷങ്ങൾക്ക് ശേഷം പരിശുദ്ധാത്മാവ് അപ്പോസ്തോലിക ശുശ്രൂഷ തന്നിലൂടെ തുടങ്ങാൻ ഇടയായി (അപ്പോസ്തോല പ്രവർത്തികൾ 13:1-3). യേശുവിന്റെ ജീവിതത്തിലും നമുക്ക് ഇത് തന്നെ കാണാം, തന്റെ ശുശ്രൂഷയിലേക്ക് നയിക്കപ്പെടുന്നതിന് മുന്നേയുള്ള 30 വർഷം ഒരു നിശബ്ദതയുടെ കാലം ആയിരുന്നു. യോസേഫ് 13 വർഷം കാത്തിരുന്നു, മോശ 40 വർഷം പട്ടിക ഇങ്ങനെ തുടർന്ന് കൊണ്ടിരിക്കുന്നു. നിശബ്ദതയുടെ ഈ സംവത്സരങ്ങൾ പ്രയോജനമില്ലാത്ത സമയങ്ങൾ അല്ല, മറിച് ദൈവം നമ്മെ വിളിച്ച വിളിക്ക് യോഗ്യമാംവണ്ണം പഠിപ്പിക്കുകയും പണിയപ്പെടുകയും ചെയ്യുന്ന സമയങ്ങളാണ് അത്. ഒരു വ്യക്തി ദൈവ സന്നിധിയിൽ പണിയപ്പെടുന്നത് പോലെയല്ല മറ്റൊരു വ്യക്തി പണിയപ്പെടുന്നത്. "ദൈവത്തിന്റെ പരിശീലന കേന്ദ്രങ്ങളിൽ" ഓരോരുത്തർക്കും തീർത്തും വ്യത്യസ്തമായ ശിക്ഷണം ആണ് ലഭിക്കുന്നത്. നാം

ഓരോരുത്തരും പരിശീലന കാലത്തിൽ ആണ്. ഇന്ന് നാം ചെയ്യുന്ന പലതും ഭാവി കാലത്തേക്കുള്ള അടിസ്ഥാനമാണ്. അതുകൊണ്ട് വിശ്വസ്തതയോടെ വേല ചെയ്യാം, പഠിക്കാം, പരിശീലിക്കാം, ഒരുങ്ങാം.

4

വിവേകത്തോടെ ജീവിതം ക്രമീകരിക്കുക

സഭാപ്രസംഗി 8:5,6

[5]...കല്പന പ്രമാണിക്കുന്നവന് ഒരു ദോഷവും സംഭവിക്കയില്ല; ജ്ഞാനിയുടെ ഹൃദയം കാലത്തെയും ന്യായത്തെയും വിവേചിക്കുന്നു.

[6]സകല കാര്യത്തിനും കാലവും ന്യായവും ഉണ്ടല്ലോ; മനുഷ്യന്റെ അരിഷ്ടത അവനു ഭാരമായിരിക്കുന്നു.

ലൂക്കോസ് 12:54-56

[54]പിന്നെ അവൻ പുരുഷാരത്തോടു പറഞ്ഞത്: പടിഞ്ഞാറുനിന്നു മേഘം പൊങ്ങുന്നതു കാണുമ്പോൾ പെരുമഴ വരുന്നു എന്നു നിങ്ങൾ ഉടനെ പറയുന്നു; അങ്ങനെ സംഭവിക്കയും ചെയ്യുന്നു.

[55]തെക്കൻകാറ്റ് ഊതുന്നതു കണ്ടാലോ അത്യുഷ്ണം ഉണ്ടാകും എന്നു പറയുന്നു; അതു സംഭവിക്കയും ചെയ്യുന്നു.

[56]കപടഭക്തിക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്ക് അറിയാം;

വിവേകമുള്ള മനുഷ്യൻ ശരിയായ സമയത്തെയും തന്റെ കത്തവ്യങ്ങൾ ചെയ്യാൻ എടുക്കേണ്ട ശരിയായ നടപടികളെയും തിരിച്ചറിയും. ഓരോ വിഷയങ്ങൾക്കും കർത്തവ്യങ്ങൾക്കും ഉദാഹരണത്തിന് ശുശ്രൂഷയുടെ തുടക്കം, വിവാഹം, ഉല്ലാസയാത്രകൾ ക്രമീകരിക്കുന്നത്, തൊഴിൽ, സുവിശേഷ വേലക്കായി സ്ഥലം തുടങ്ങിയവ തിരഞ്ഞെടുക്കുമ്പോൾ, പുതിയ സംരംഭത്തിന് തുടക്കം കുറിക്കുമ്പോൾ എല്ലാം തിരഞ്ഞെടുക്കേണ്ട ശരിയായ സമയവും ശൈലികളും ഉണ്ട്. നാം പരിജ്ഞാനത്തോടെ ജീവിച്ചുകൊണ്ട് സമയങ്ങളെയും കാലങ്ങളെയും വിവേചിക്കുന്ന മനുഷ്യർ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

നമ്മുടെ ജീവിതത്തിലെ (വ്യക്തിപരമായും, സാമൂഹികമായും) സമയവും കാലവും തിരിച്ചറിയുന്നതിനോടൊപ്പം ശരിയായ പ്രവർത്തികൾ വേണ്ടും വിധം ചെയ്വാനുള്ള ഉത്തരവാദിത്തം കൂടെ നമ്മിൽ വന്ന് ചേരുന്നു. പൗലോസ് ഇങ്ങനെ എഴുതിയിരിക്കുന്നു, *"ഇതു ചെയ്യേണ്ടത് ഉറക്കത്തിൽനിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽതന്നെ... നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം*

അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗം ധരിച്ചുകൊൾക. പകൽസമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലും അല്ല," (റോമർ 13:11-13). നാഴിക നാം അറിയുന്നത് കൊണ്ട് സമയത്തെ തിരിച്ചറിഞ്ഞ് മര്യാദയായി ജീവിക്കേണ്ടത് ആവശ്യമാണ്. വിവേകമുള്ളവർ തങ്ങളുടെ കാലങ്ങളെ തിരിച്ചറിഞ്ഞ് ജീവിതത്തെ ക്രമീകരിക്കും. ഇങ്ങനെയുള്ളവർ വാക്കുകളെ *"തക്ക സമയത്ത്"* ഉപയോഗിക്കാൻ കഴിയുന്നവർ ആയിരിക്കും (സാധ്യശ്യവാക്യങ്ങൾ 15:23) കാരണം അവർ ദൈവ ശബ്ദം കേൾപ്പാൻ തങ്ങളെ തന്നെ ശീലിപ്പിച്ചവർ ആയിരിക്കും (യെശയാവ് 50:4,5). ദൈവത്തെ സേവിക്കാൻ എപ്പോഴും ഒരുക്കമുള്ളവരും *"സമയത്തും അസമയത്തും"* ഒരുങ്ങിയവരും ആയിരിക്കും (2 തിമൊഥെയൊസ് 4:2). തങ്ങൾ ആയിരിക്കുന്ന കാലത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നത് കൊണ്ട് അവർ. ദൈവത്തിന്റെ വിളിക്ക് തയ്യാറായി ഇരിക്കുന്നു. അതുകൊണ്ട് അവർ അച്ചടക്കമുള്ള ജീവിതം നയിക്കുന്നവരും എപ്പോഴും തയ്യാറായി ഇരിക്കുന്നവരും ആയിരിക്കും. ഇവർ തങ്ങളുടെ വിശ്വാസം ത്യജിക്കാത്തവരും ധൈര്യം കൈവിടാത്തവരും, നന്മ ചെയ്യുയിൽ മടുത്തു പോകാത്തവരുമാണ് കാരണം അവർക്ക് അറിയാം തങ്ങൾ *"തക്ക സമയത്ത്"* കൊയ്യും എന്ന് (ഗലാത്യർ 6:9). അവർ പ്രശസ്തി അന്വേഷിക്കാത്തവരും അധികാരം ദുർവിനിയോഗം ചെയ്യാത്തവരും അതിനോടൊപ്പം താഴ്മ ഉള്ളവരും ആയിരിക്കും. *"തക്ക സമയത്ത്"* ദൈവം അവരെ ഉയർത്തും എന്ന ബോധ്യം ആവർക്കുള്ളതുകൊണ്ട് മനുഷ്യരുടെ പ്രശംസക്ക് പ്രാധാന്യം കൊടുക്കുന്നില്ല (1പത്രോസ് 5:5,6). നമ്മൾ എങ്ങനെയാണ് ജീവിതത്തെ ക്രമപ്പെടുത്തുന്നത്? നമ്മുടെ പ്രയത്നങ്ങൾ ദൈവീക ക്ലോക്കിന് അനുസരണമാണോ; നമ്മുടെ ചുവടുകളും സമയവും അവനോടൊപ്പമോ? അതോ മറ്റുള്ളവർ ചെയ്യുന്നത് പോലെ എങ്ങനെയെങ്കിലുമോ എന്തെങ്കിലുമോ ചെയ്തതാണോ ജീവിക്കാൻ ശ്രമിക്കുന്നത്? നമ്മുടെ ജീവിതം വിവേകത്തോടെ ക്രമപ്പെടുത്താം—മുന്ഗണനകളെ മാറ്റിയും സമയത്തെ ചിട്ടപ്പെടുത്തിയും, ദൈവം നമ്മെ നയിക്കുന്ന കാലങ്ങൾക്കും സമയങ്ങൾക്കും അനുസരമായി ജീവിതത്തെ ശ്രദ്ധയോടെ ക്രമപ്പെടുത്താം.

ആകാശവും സാഹചര്യങ്ങളും നോക്കി കാലാവസ്ഥയെ വിവേചിക്കുന്നത് പോലെയാണ് സമയത്തെ വിവേചിക്കുന്നതും.

യേശു ഇതുപോലെയുള്ള സാദൃശ്യം തന്നെ പിൻചെന്ന പുരുഷാരത്തോട് പറഞ്ഞത് നമ്മൾ മത്തായി 16-ൽ കാണുന്നു. മനുഷ്യർ ആകാശലക്ഷണങ്ങളും, കാറ്റിന്റെ ഗതിയും ഒക്കെ നോക്കി കാലാവസ്ഥയെ പ്രവചിക്കുന്നു, എന്നാൽ അവർ കാലങ്ങളെയും സമയങ്ങളെയും വിവേചിക്കുന്നില്ല. ദൈവം നമ്മെ നയിക്കുന്ന കാലങ്ങളും സമയങ്ങളും തിരിച്ചറിയുവാനും പ്രതികരിക്കുവാനും ഈ ഉദാഹരണം സഹായകരമാണ്. നല്ല നിരീക്ഷകരായിരിക്കുന്നത് കാലങ്ങളെയും സമയങ്ങളെയും വിവേചിക്കുന്നതിനുള്ള താക്കോലാണ്.

ദൈവാത്മാവ് നമ്മെ നയിക്കുന്നത് ശ്രദ്ധിക്കുക

ദൈവത്തിന്റെ ആത്മാവ് നമ്മിൽ പ്രവർത്തിച്ചുകൊണ്ട് തന്നെ, നമ്മെ കുറിച്ചുള്ള തന്റെ പദ്ധതികളും ഉദ്ദേശങ്ങളും നമ്മോട് വെളിപ്പെടുത്തും. വചനത്തിലൂടെയും തന്റെ ആത്മാവിലൂടെയും സ്വപ്നങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും അവൻ നമ്മിൽ മുളപ്പിക്കും. നമ്മുടെ അകത്തെ മനുഷ്യനിൽ അതി തീവ്രമായ കത്തിക്കൊണ്ടിരിക്കുന്ന ഒരു ഭാരം ഉടലെടുക്കും—നഷ്ടപ്പെട്ടവരെ തിരിച് പിടിക്കാൻ, തന്റെ വചനം പഠിപ്പിക്കാൻ, ഒരു സംരംഭകൻ ആകാൻ—അത് നമ്മിൽ കത്തിക്കൊണ്ടിരിക്കുന്ന നിലവാരത്തിലേക്ക് വരും. ഇത് ദൈവം നമ്മോട് സംസാരിക്കുന്നതാണ്. അങ്ങനെയുള്ള ദൈവപ്രവർത്തികളെ ശ്രദ്ധിക്കുക.

ജീവിത സാഹചര്യങ്ങളെയും സംഭവങ്ങളെയും നിരീക്ഷിക്കുക

നിങ്ങളുടെ സമയം, ജീവിതത്തിൽ നടക്കുന്ന കാര്യങ്ങൾ ഇവയെല്ലാം ദൈവകരങ്ങളിലാണ് (സങ്കീർത്തനങ്ങൾ 31:15). കാര്യങ്ങൾ വെറുതെ അങ്ങു സംഭവിക്കുന്നു എന്നാണ് നാം ചിന്തിക്കുന്നത്, പലപ്പോഴും ദൈവം സാഹചര്യങ്ങളെയും സംഭവങ്ങളും നമ്മോട് ചേർത്ത് ആസൂത്രണം ചെയ്യുകയാണ്. ജീവിതത്തിൽ നടക്കുന്ന പല കാര്യങ്ങളും ദൈവം നമ്മോട് സംസാരിക്കുന്ന മുഖാന്തിരങ്ങളാണ്. ചിലപ്പോൾ അത് ഒരു ദൈവമനുഷ്യനും ആയോ ഒരു വലിയ പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമായോ ഉള്ള കൂടിക്കാഴ്ച ആകാം. മറ്റ് ചിലപ്പോൾ ഒരു വ്യത്യസ്ത ജോലി ചെയ്യാനുള്ള അവസരമായിരിക്കാം; ഒരു പ്രത്യേക സന്ദേശം കേൾക്കുന്നതോ അല്ലെങ്കിൽ ഒരു സുഹൃത്തിൽ നിന്നുള്ള അനുമോദനമോ ആകാം. ദൈവം സംസാരിക്കുമ്പോൾ (സംസാരിക്കാതെ ഇരിക്കുമ്പോളും) തിരിച്ചറിയാൻ ജാഗ്രതയുള്ളവരാകാം.

ദൈവാത്മാവിന്റെ നടത്തിപ്പും ജീവിത വിഷയങ്ങളും തമ്മിൽ ബന്ധപ്പെടുത്തി അതനുസരിച്ച് പ്രവർത്തിക്കുക

നിങ്ങൾ റോഡിൽ ആയിരിക്കുമ്പോൾ പെട്ടെന്നു കാർമേഘങ്ങൾ ഇരുണ്ടു കൂടുന്നതും ആകാശം നിറം മാറുന്നതും കാണുമ്പോൾ മഴ പെയ്യാറായി എന്ന് മനസിലാക്കുന്നു, ചിലപ്പോൾ നേർത്ത തുള്ളികൾ വീഴുന്നതും അനുഭവിക്കാം, പിന്നെ അവിടെ വെറുതെ നിൽക്കുന്നതിന് പകരം ഒരു കട എടുക്കുകയോ വീട് എത്താൻ നോക്കുകയോ ചെയ്യും. ഇതുപോലെ ആത്മാവ് വഴി നടത്തുന്നതും ജീവിത സാഹചര്യങ്ങൾ ശ്രദ്ധിക്കുകയും ഇവ രണ്ടും കൂട്ടി വായിക്കുകയും കൂടി ചെയുമ്പോൾ നമുക്ക് തക്കതായ നടപടി എടുക്കാൻ കഴിയും.

സൂക്ഷ്മതയോടെ ജീവിത കാലങ്ങളെ കാണുക

നിങ്ങളിൽ ആരെങ്കിലും ലോകത്തിൽ തീവ്ര കാലാവസ്ഥ വ്യതിയാനങ്ങൾ നേരിടുന്ന സ്ഥലങ്ങളിൽ ജീവിച്ചിട്ടുണ്ടെങ്കിൽ അറിയാം, ഓരോ മാസത്തിനും അനുയോജ്യമായ വസ്ത്രം ധരിക്കേണ്ടതിന്റെ ആവശ്യകത. ശൈത്യകാലത്ത് കട്ടിയേറിയ കമ്പിളി വസ്ത്രങ്ങൾ ആവശ്യമെങ്കിൽ വേനൽക്കാലത്ത് നേർത്ത വസ്ത്രങ്ങൾ ആയിരിക്കും അനുയോജ്യം. ഒരു രീതിയിൽ പറഞ്ഞാൽ കാലാവസ്ഥക്ക് അനുയോജ്യമായി വസ്ത്രം നാം മാറ്റണം. ഇതുപോലെ വിശ്വാസികൾ എന്ന് നിലയിൽ നമ്മുടെ ജീവിതം ക്രമപ്പെടുത്തി ദൈവം നമ്മെ കൊണ്ടുപോകുന്ന കാലത്തിന് അനുസരിച്ച് നമ്മുടെ നടപ്പിനെ ക്രമപ്പെടുത്തണം.

ദൈവം നമ്മെ ഒരുക്കിയെടുക്കാൻ പല കാലങ്ങളിലൂടെ കൊണ്ടുപോകും

ദൈവം നമ്മളെ വിളിച്ച വേലക്കായി നമ്മെ ഒരുക്കി കൊണ്ടിരിക്കയാണ് എന്ന് നമുക്കറിയാം. എന്നാൽ നാം മനസിലാക്കാതെ പോകുന്ന ഒരു കാര്യം സാധാരണയായി ഒരുക്കത്തിന് പല കാലങ്ങളുണ്ടെന്നതാണ്. ഉദാഹരണത്തിന് നിങ്ങൾ ഒരുക്കങ്ങളുടെ ഒരു കാലത്തിലൂടെ പോയെന്നിരിക്കാം, പുതിയ കാര്യങ്ങൾ പഠിക്കുകയും, പുതിയ കഴിവുകൾ വളർത്തിയെടുക്കുകയും, വൈദഗ്ദ്യം നേടുകയും ചെയ്യുന്ന, ഒരുക്കങ്ങളുടെ ഒരു കാലത്തിലൂടെ പോയെന്നിരിക്കാം. നിങ്ങൾ വിചാരിക്കുന്നുണ്ടാകും ഈ കാലം കഴിയുമ്പോൾ നിങ്ങളുടെ ഹൃദയത്തിലെ സ്വപ്നത്തിലേക്കും പദ്ധതിയിലേക്കും ദൈവം നിങ്ങളെ തുറന്ന് വിട്ടേക്കാം എന്ന്. എന്നാൽ നിങ്ങൾ ഉദ്ദേശിക്കുന്ന നിങ്ങളുടെ സ്വപ്ന പദ്ധതിയിലേക്ക് കടക്കുന്നതിന് പകരം വീണ്ടും ഒരുക്കങ്ങളുടെ മറ്റൊരു കാലത്തിലേക്ക് ദൈവം നിങ്ങളെ നയിക്കാം. അവിടെ ജീവിതത്തിന്റെ മറ്റു പല മേഖലകളെയും ദൈവം പണിയും. ചിലപ്പോൾ

ഈ സമയത്ത് നിങ്ങളുടെ ഹൃദയത്തിന്റെ മറ്റ് പല ഭാഗങ്ങളിൽ അവൻ ഇടപെട്ടുകൊണ്ട്, സ്വഭാവത്തെയും വ്യക്തിത്വത്തെയും രൂപാന്തരപ്പെടുത്തും.

ഓരോ കാലവും നിങ്ങളെ അടുത്തതിനായി ഒരുക്കുന്നു

ദൈവം നമ്മെ നയിക്കുന്ന ഓരോ കാലവും ജീവിച്ചു മറന്നുകളയണ്ട സമയങ്ങൾ അല്ല, പകരം ഓരോ കാലവും കഴിഞ്ഞു പോയ മറ്റൊരു കാലത്തേ അടിസ്ഥാനമാക്കി മുന്നോട്ട് കൊണ്ടുപോകേണ്ടവയാണ്. ഇന്നിന്റെ കാലത്തിൽ നാം പഠിക്കുന്ന പലതും ഭാവി കാലത്തേക്കുള്ള പ്രതിസന്ധികളെ തരണം ചെയ്വാൻ സഹായിക്കുന്നതാണ്. അതുകൊണ്ട് ഓരോ കാലത്തെയും അതിന് കൊടുക്കണ്ട പ്രാധാന്യത്തോടെ കാണേണ്ടത് ആവശ്യമാണ്.

കാലത്തിന്റെ മാറ്റത്തെ ഉൾകൊണ്ട് മാറാൻ തയ്യാറാവുക

കാലത്തിന്റെ മാറ്റവും ജീവിതത്തിന്റെ വ്യതിയാനങ്ങളും മാറ്റങ്ങളെ കൊണ്ടുവന്നുകൊണ്ടിരിക്കും. ഇന്ന് നിങ്ങൾ ജീവിതത്തിൽ പ്രത്യേക ഒരു കാലത്തിൽ ആയിരിക്കും, ഒരു പ്രത്യേക സ്ഥലത്ത് ആയിരിക്കും താമസിക്കുന്നത്, പ്രത്യേക കൂട്ടുകാരുണ്ടാകാം, ചില പ്രവർത്തന മേഖലകൾ ഉണ്ടാകാം. നിങ്ങളുടെ ഇപ്പോളത്തെ കാലം ദൈവം മാറ്റുമ്പോൾ, പുതിയ ഒരു സ്ഥലത്തേക്കു മാറുന്നതും, പുതിയ സുഹൃത്തുക്കളെ ഉണ്ടാക്കുന്നതും പുതിയ പ്രവർത്തനമേഖലകളും ആവശ്യമായി വന്നേക്കാം. എന്നാൽ നമ്മിൽ ചിലർക്കെങ്കിലും ഇതെല്ലാം ബുദ്ധിമുട്ടാകാം കാരണം ചെയ്യുന്നതിനോടുള്ള താല്പര്യവും അപരിചിതമായതിനോടുള്ള ഭയവും നിമിത്തം. നിങ്ങൾ ആയിരിക്കുന്ന ഇന്നിന്റെ അവസ്ഥകളെ വിട്ട് ദൈവം ഒരുക്കിയ ഒരു ഭാവിയിലേക്ക് നീങ്ങാൻ നാം തയ്യാറായിരിക്കണം.

വരാൻ പോകുന്ന കാലത്തെ മുന്നിൽ കണ്ടുകൊണ്ട് ഒരുങ്ങുക

ചിലപ്പോൾ നമ്മുടെ ജീവിതത്തിന്റെ കാലങ്ങൾ എപ്പോൾ മാറും എന്നത് നമുക്ക് തന്നെ അറിയാം. ചിലപ്പോൾ നിങ്ങൾ ഒരു അവിവാഹിതൻ എന്ന് നിലയിൽ നിന്ന് ചില മാസങ്ങൾക്ക് അപ്പുറം വിവാഹിതൻ എന്ന നിലയിലേക്ക് മാറാം. ഇങ്ങനെ ഒരു മാറ്റം വളരെ അടുത്ത് നടക്കും എന്ന് അറിഞ്ഞ്, അതിനായി ഒരുങ്ങുകയും തയ്യാറാവുകയും ചെയ്യേണ്ടത് ആവശ്യമാണ്. അറിവില്ലായ്മ കാരണം ജീവിതത്തിന്റെ മാറ്റങ്ങളിൽ നഷ്ടപ്പെട്ട് പോകരുത്. എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കാൻ സാധ്യത ഉണ്ട് എന്ന് മുന്നിൽ കണ്ടുകൊണ്ട് ഒരുങ്ങുക.

ആയിരിക്കുന്ന കാലത്തിൽ സന്തോഷിക്കുക

നമ്മൾ ആയിരിക്കുന്ന ഏതൊരു കാലത്തിലും സന്തോഷിക്കാൻ നമുക്ക് കഴിയണം. ജീവിതത്തിലെ ചില കാലങ്ങൾ മറ്റൊന്ന് പോലെ സന്തോഷകരം ആകണം എന്നില്ല. എന്ത് തന്നെയായാലും ആയിരിക്കുന്ന യാത്ര സന്തോഷത്തോടെ ആയിരിക്കുക കാരണം ഓരോ കാലത്തിനും അതിന്റെതായ മൂല്യം ഉണ്ട്.

എപ്പോഴാണ് *'കൈറോസ്'* സംഭവിക്കുന്നത്?

മുൻപ് പറഞ്ഞത് പോലെ, *'കൈറോസ്'* എന്നത് പല വിധമായ സംഭവങ്ങൾ ഒരുമിച്ചു വരുന്ന അനുയോജ്യമായ സമയമാണ്. വ്യക്തിപരമായ കാര്യങ്ങളോട് അനുബന്ധിച്ച് *'കൈറോസ്'* എന്നത് ദൈവവും ആയിട്ട് ബന്ധപെട്ടിരിക്കുന്നതിനേക്കാളും നാമും ആയിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, നിങ്ങൾ ഒരുപക്ഷെ ഒരു സംരംഭമോ ശുശ്രൂഷയോ തുടങ്ങാൻ ഉള്ള *'കൈറോസ്'* നിമിഷത്തിനായി കാത്തിരിക്കുകയാകാം. ഒരു ശുശ്രൂഷ തുടങ്ങാൻ കാത്തിരിക്കുന്ന വ്യക്തിയുടെ *'കൈറോസ്'* നിമിഷം സംഭവിക്കുന്നത്, അവൻ ഒരുക്കപ്പെട്ടിട്ട് ഉണ്ട് എന്ന് ദൈവം കാണുമ്പോൾ ആണ്. ദൈവീക ഇടപെടലുകളോട് എങ്ങനെ ഒരാൾ പ്രതികരിക്കുന്നു എന്നും കൂടി കണക്കിലെടുത്താണ് ഈ ഒരുക്കം സംഭവിക്കുന്നത്. താൻ ആഗ്രഹിക്കുന്ന സ്വഭാവം, ഉദ്ദേശ ശുദ്ധി, ശരിയായ മനോഭാവം, എല്ലാറ്റിലും ഉപരി ഒരു ദാസന്റെ ഹൃദയം എന്നിവ ഉളവാകുവാൻ ദൈവം കാത്തിരിക്കും. ദൈവം നോക്കുമ്പോൾ മേല്പറഞ്ഞ കാര്യങ്ങൾ ഒരുവനിൽ സംഭവിച്ചിട്ട് ഉണ്ടെങ്കിൽ ആ വ്യക്തിയിൽ ശുശ്രൂഷയുടെ *'കൈറോസ്'* നിമിഷം ആവാറായി എന്ന് മനസിലാക്കാം. അത് വരെ ദൈവം കാത്തിരിക്കും. ദൈവം ഒരിക്കലും തിടുക്കം കൂട്ടുന്നില്ല.

5
സമയത്തിന്റെ പുനഃസ്ഥാപനം

യോവേൽ 2:25
ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ... വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും.

സങ്കീർത്തനങ്ങൾ 103:5
നിന്റെ യൗവനം കഴുകനെപ്പോലെ പുതുകി വരുത്തക്കവണ്ണം അവൻ നിന്റെ വായ്ക്ക് നന്മകൊണ്ട് തൃപ്തിവരുത്തുന്നു.

2 പത്രൊസ് 3:8
എന്നാൽ പ്രിയമുള്ളവരേ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്.

അവസാനിപ്പിക്കുന്നതിന് മുൻപ് പുനഃസ്ഥാപ്പിക്കപ്പെടേണ്ട സമയത്തെ കുറിച് ചില കാര്യങ്ങൾ പറയാം. നാം ആയിരിക്കുന്ന കാലഘട്ടം വേദ പണ്ഡിതർ വിശ്വസിക്കുന്ന അപ്പോസ്തോല പ്രവർത്തികൾ 3:19-21-ൽ പറയുന്ന പുനഃസ്ഥാപനത്തിന്റെ സമയമാണെന്നാണ്. സഭ വലിയ ശക്തിയിലേക്കും മഹത്ത്വത്തിലേക്കും പുനസ്ഥാപിക്കപ്പെടുന്ന സമയം. വേദപുസ്തകപ്രകാരം, ദൈവം പുനസ്ഥാപിക്കുന്നത് എല്ലാം അവൻ വർധിപ്പിക്കും (ഇയോബ് 42:10). ദൈവം പുനസ്ഥാപിക്കുന്നത് എന്തും മുൻപുണ്ടായിരുന്നതിനേക്കാൾ വലുതും മഹത്ത്വമേറിയതുമായിരിക്കും. ഇത് സമയത്തിന്റെ കാര്യത്തിലും അങ്ങനെ തന്നെയാണ്. സമയം ദൈവത്തെ നിയന്ത്രിക്കുന്നില്ല, മറിച്ച് ദൈവമാണ് സമയത്തെ നിയന്ത്രിക്കുന്നത്. ദൈവം സമയത്തിനും അധീനനാണ്. ദൈവീക ക്ലോക്കിൽ സമയം നമുക്ക് പരിചിതമായ രീതിയിലല്ല ചലിക്കുന്നത്. നമ്മിൽ ചിലർക്കെങ്കിലും വെട്ടുക്കിളി നശിപ്പിച്ചു കളഞ്ഞ ഒരു ജീവിതം ആയിരിക്കാം. ഇവിടെ വെട്ടുക്കിളി എന്നത് പാഴായതിനെയും, നശിച്ചുപോയതിനെയും, ഫലമില്ലാത്തതിനെയും കാണിക്കുന്നു. ദൈവത്തിന് പാഴായി പോയ വർഷങ്ങളെ (സമയം) പുനഃസ്ഥാപിക്കാൻ കഴിയും (കാരണം എന്ത് തന്നെ ആയാലും). നമ്മുടെ സ്വന്ത പ്രയത്നങ്ങളാൽ ഒരു നൂറ്റാണ്ട് കൊണ്ട് പോലും നേടാൻ കഴിയാത്തത് ദൈവത്തിന് തന്റെ ആത്മാവിനാൽ നമ്മിലൂടെ ഒരു വർഷം കൊണ്ട് സാധിപ്പിക്കാൻ കഴിയും. നമ്മുടെ ജീവിതത്തിന്റെ പാഴായി പോയ സമയത്തെ പുനഃസ്ഥാപിക്കാൻ നമുക്ക് ദൈവ മുഖത്തേക്ക് നോക്കാം.

നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"* (റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക് ജീവനുള്ളവനായി

വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്രരാകുവാനുള്ള ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***".... അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"* (അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"* (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപ്പെടും എന്നാണ്.

ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം

രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.

അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.

ആമേൻ.

ഓൾ പീഷിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ചു വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തിൽ അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Interpreting Scripture
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൌൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

വെബ്സൈറ്റ്: chrysalislife.org
ഫോൺ: +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
ഇമെയിൽ: counselor@chrysalislife.org

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

ഓൾ പീഷിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ചു ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

അക്കൗണ്ടിന്റെ പേര്: All Peoples Church
അക്കൗണ്ട് നമ്പർ: 50200068829058
IFSC കോഡ്: HDFC0004367
ബാങ്ക്: HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

ദയവായി ശ്രദ്ധിക്കുക: *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.


നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!

DOWNLOAD THE FREE APP!

Search for
"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play





A daily 5-minute video devotional.
A daily Bible reading and prayer guide.
5-minute Sermon summary.
Toolkit with Scriptures on various topics to build faith and information to share the Gospel.
Resources with sermons, sermon notes, TV programs, books, music and more.

IF YOU LOVE IT, TELL OTHERS ABOUT IT!

निःशुल्क ऐप डाउनलोड करें:

ऐप स्टोर या प्ले स्टोर में खोजें
“ऑल पीपुल्स चर्च (APCWO)”/
All Peoples Church Hindi

Available on the App Store

ANDROID APP ON Google Play



विश्वास को मजबूत करने और सुसमाचार साझा करने के लिए विभिन्न विषयों पर आधारित वचनों के टूलकिट।
उपदेशों, टीवी कार्यक्रमों, पुस्तकों, संगीत और बहुत कुछ से भरे संसाधन।
अगर आपको यह पसंद आए, तो
दूसरों को भी इसके बारे में बताएं!

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** ക്യാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

ഭൂമിയുടെ സ്ഥാപനം മുതൽ, ചിലപ്പോൾ അതിനും മുൻപ് കഴിഞ്ഞകാല നിത്യത മുതൽ ഇന്ന് വരെ ചലിച്ചുകൊണ്ട് ഇരിക്കുന്ന ഒരു ക്ലോക്ക് ദൈവത്തിന്റെ കയ്യിലുണ്ടെന്ന കാര്യത്തെക്കുറിച്ച് നിങ്ങളെപ്പോളെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഓരോ വ്യക്തിയുടെയും ജീവിതത്തിനായി ദൈവത്തിന് ഒരു ക്ലോക്ക് ഉണ്ട് എന്നുള്ളത് നിങ്ങൾക്ക് അറിയാമോ? ഈ ദൈവീക ക്ലോക്കിന് അനുസരിച് ജീവിതത്തെ ക്രമീകരിക്കുവാൻ ഉള്ള വാഞ്ചയോ ശ്രമമോ എപ്പോൾ എങ്കിലും നമ്മിൽ ഉണ്ടായിട്ടുണ്ടോ? ദൈവീക സമയത്തിൽ കാര്യങ്ങൾ ചെയ്യുന്നതിനും, ജീവിതത്തിന്റെ ഏത് സമയത്തും ദൈവം നിങ്ങൾ ആ സമയത്ത് ചെയ്യണമെന്ന് ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിനും എത്രമാത്രം പ്രാധാന്യം നാം കൊടുക്കാറുണ്ട്? നിങ്ങളുടെ ജീവിതത്തിൽ അവൻ നിശ്ചയിച്ച സമയത്തു അവൻ ആഗ്രഹിക്കുന്ന വ്യക്തിയായി മാറണം എന്നുള്ളതിന് നിങ്ങൾ പ്രാധാന്യം കൊടുക്കുന്നുണ്ടോ?

മേൽ പറഞ്ഞ ചോദ്യങ്ങൾ എല്ലാം വെല്ലുവിളികളാണ്, എന്നാൽ ദൈവീക ക്ലോക്കിന് അനുസരിച് നമ്മുടെ ജീവിതം ക്രമീകരിക്കേണ്ടത് ആവശ്യവുമാണ്. വ്യക്തിപരമായി ദൈവീക സമയത്തെ തിരിച്ചറിയാനും മനസിലാക്കാനും ഈ പുസ്തകം നിങ്ങളെ സഹായിക്കും.

All Peoples Church & World Outreach
319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org